Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

23rd December 2016

## ഏഴ് ജില്ലകളിലെ 11 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി ഏഴ് ജില്ലകളിലെ 11 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും വയനാട്ടിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് വാർഡിലും, തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ വാർഡിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.
കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭാ താലൂക്ക് ഓഫീസുകളിൽ ഡിസംബർ 23ന് പ്രസിദ്ധീകരിച്ചു. കൂടാതെ പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിലെ വോട്ടർപട്ടിക www.lsgelection.kerala.gov.in/eroll ൽ ലഭ്യമാണ്.

അപേക്ഷകളും ആക്ഷേപങ്ങളും ജനുവരി 7 വരെ സമർപ്പിക്കാം. അവകാശവാദങ്ങളിന്മേൽ 18ന് തീർപ്പ് കൽപ്പിക്കുകയും 20ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ.
തിരുവനന്തപുരം-പനവൂർ ഗ്രാമപഞ്ചായത്ത്-06 മിന്നിലം, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-10 നെടുമ്പാറ, കോട്ടയം- മൂന്നിലവ് ഗ്രാമപഞ്ചായത്ത്-08. മൂന്നിലവ്, വിജയപുരം ഗ്രാമപഞ്ചായത്ത്-04. പെരിങ്ങള്ളൂർ, എറണാകുളം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-01 നെയ്ത്തുശാലപ്പടി, തൃശ്ശൂർ- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-23 മിഷൻ ക്വാർട്ടേഴ്സ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്-15 വാടാനപ്പള്ളി വെസ്റ്റ്, പുത്തൻചിറ ഗ്രാമപഞ്ചായത്ത്-09 പിണ്ടാണി, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്-14 തെക്കേക്കര, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്-05 താഴത്തങ്ങാടി, വയനാട്-പനമരം ബ്ലോക്ക്പഞ്ചായത്ത്-02 പാക്കം-പനമരം ഗ്രാമപഞ്ചായത്ത്-4,5,6വാർഡുകൾ, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്-17, 18, 19 20 വാർഡുകൾ

*(എസ്.ഇ.സി. 59/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

21st December 2016

## കോട്ടപ്പാടം ഗ്രാമപഞ്ചായത്തിലെ നാല് മുൻഅംഗങ്ങൾക്ക് അയോഗ്യത

കൂറുമാറിയതിന് പാലക്കാട് കോട്ടപ്പാടം ഗ്രാമപഞ്ചായത്തിലെ നാല് മുൻ പഞ്ചായത്ത് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പിന്തുണയോടെ സ്വതന്ത്രരായി മത്സരിച്ച് വിജയിച്ച മാലേരിയത്ത് നിഷ-വാർഡ് 20, തെക്കൻ അസ്മ ബീവി -വാർഡ് 12, കൂമൻചീരി മുഹമ്മദ് ബഷീർ-വാർഡ് 4, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ (യു.ഡി.എഫ്) കുന്തിപ്പാടത്ത് സബീറ-വാർഡ് 16 എന്നിവരെയാണ് അയോഗ്യരാക്കിയത്. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2016 ഡിസംബർ 21 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നുമാണ് വിലക്ക്. 22 വാർഡുകളുള്ള കോട്ടപ്പാടം ഗ്രാമപഞ്ചായത്തിൽ യൂ.ഡി.എഫിന് 14ഉം എൽ.ഡി.എഫിന് 7ഉം, ഒരു സ്വതന്ത്രനുമാണ് അംഗങ്ങൾ.

രണ്ടായിരത്തി പതിനാല് സെപ്തംബർ 25ലെ പ്രമേയത്തെ പിന്തുണക്കണമെന്ന പാർട്ടി വിപ്പിന് വിപരീതമായി പ്രമേയത്തെ പരാജയപ്പെടുത്തുന്നതിന് നാലുപേരും മനപ്പൂർവം വിട്ടുനിന്നു. ഇതിനെതിരേ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് (യു.ഡി.എഫ്) അംഗം കാസിം കുന്നത്ത് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. ഹർജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിംബാബു.എം, കരോളിൻ ജോയ് ഫ്ളച്ചർ എന്നിവർ ഹാജരായി.

*(എസ്.ഇ.സി. 58/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

7th December 2016

## 15 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ജനുവരി 4ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ പതിനഞ്ച് തദ്ദേശസ്വയംഭരണ വാർഡുകളിൽ 2017 ജനുവരി 4ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ തിരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. 9 ജില്ലകളിലെ 14 ഗ്രാമപഞ്ചായത്ത് വാർഡുകളിലും ഒരു ജില്ലയിലെ കോർപ്പറേഷൻ വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ്.

ഉപതിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ്/നിയോജക മണ്ഡലം, എന്ന ക്രമത്തിൽ. തിരുവനന്തപുരം- കരകുളം ഗ്രാമപഞ്ചായത്ത്- 10കാച്ചാ ണി, കൊല്ലം- മുനിസിപ്പൽ കോർപ്പറേഷൻ- 12 തേവള്ളി, പത്തനംതിട്ട- റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്- 04കണ്ണങ്കര,ആലപ്പുഴ- പുറക്കാട് ഗ്രാമപഞ്ചായത്ത്- 13ആനന്ദേശ്വരം, കൈനകരി ഗ്രാമപഞ്ചായത്ത്- 02 ചെറുകാലികായൽ, കോട്ടയം- മുത്തോലി ഗ്രാമപഞ്ചായത്ത്- 12 തെക്കുംമുറി, എറണാകുളം- കൂവപ്പടി ഗ്രാമപഞ്ചായത്ത്- 10 കൂവപ്പടി സൗത്ത്, പാലക്കാട്- കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്- 07 അമ്പാഴക്കോട്, തെങ്കര ഗ്രാമപഞ്ചായത്ത്- 14 പാഞ്ചക്കോട്, മങ്കര ഗ്രാമപഞ്ചായത്ത്- 08 മങ്കര ആർ.എസ്, കോഴിക്കോട്- തിരുവമ്പാടി ഗ്രാമപഞ്ചായത്ത്- 09 മറിയപ്പുറം, കണ്ണൂർ- കണ്ണപുരം ഗ്രാമപഞ്ചായത്ത്- 09 മൊട്ടമ്മൽ, ചെറുപുഴ ഗ്രാമപഞ്ചായത്ത്- 08 രാജഗിരി, പിണറായി ഗ്രാമപഞ്ചായത്ത്- 16 പടന്നക്കര, കാസർഗോഡ്- മീഞ്ച ഗ്രാമപഞ്ചായത്ത്- 11 മജിബയൽ.

മാതൃകാപെരുമാറ്റച്ചട്ടം നവംബർ 30ന് നിലവിൽ വന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 14. പത്രികകളുടെ സൂക്ഷ്മ പരിശോധന 15നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 17നുമാണ്.വോട്ടെടുപ്പ് 2017 ജനുവരി 4ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. ജനുവരി 5ന് വോട്ടെണ്ണൽ.

*(എസ്.ഇ.സി. 57/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th November 2016

## 15 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ജനുവരി 4ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ പതിനാല് തദ്ദേശസ്വയംഭരണ വാർഡുകളിൽ 2017 ജനുവരി 4ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. 10 ജില്ലകളിലുള്ള 14 ഗ്രാമപഞ്ചായത്ത് വാർഡുകളിലും ഒരു കോർപ്പറേഷൻ വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്.

ഉപതിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ്/നിയോജക മണ്ഡലം, എന്ന ക്രമത്തിൽ. തിരുവനന്തപുരം- കരകുളം ഗ്രാമപഞ്ചായത്ത്- 10കാച്ചാ ണി, കൊല്ലം- മുനിസിപ്പൽ കോർപ്പറേഷൻ- 12 തേവള്ളി, പത്തനംതിട്ട- റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്- 04കണ്ണങ്കര,ആലപ്പുഴ- പുറക്കാട് ഗ്രാമപഞ്ചായത്ത്- 13ആനന്ദേശ്വരം, കൈനകരി ഗ്രാമപഞ്ചായത്ത്- 02 ചെറുകാലികായൽ, കോട്ടയം- മുത്തോലി ഗ്രാമപഞ്ചായത്ത്- 12 തെക്കുംമുറി, എറണാകുളം- കൂവപ്പടി ഗ്രാമപഞ്ചായത്ത്- 10 കൂവപ്പടി സൗത്ത്, പാലക്കാട്- കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്- 07 അമ്പാഴക്കോട്, തെങ്കര ഗ്രാമപഞ്ചായത്ത്- 14 പാഞ്ചക്കോട്, മങ്കര ഗ്രാമപഞ്ചായത്ത്- 08 മങ്കര ആർ.എസ്, കോഴിക്കോട്- തിരുവമ്പാടി ഗ്രാമപഞ്ചായത്ത്- 09 മറിയപ്പുറം, കണ്ണൂർ- കണ്ണപുരം ഗ്രാമപഞ്ചായത്ത്- 09 മൊട്ടമ്മൽ, ചെറുപുഴ ഗ്രാമപഞ്ചായത്ത്- 08 രാജഗിരി, പിണറായി ഗ്രാമപഞ്ചായത്ത്- 16 പടന്നക്കര, കാസർഗോഡ്- മീഞ്ച ഗ്രാമപഞ്ചായത്ത്- 11 മജിബയൽ.

ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നവംബർ 30ന് പ്രാബല്യത്തിൽ വന്നു.

നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 14 . പത്രികകളുടെ സൂക്ഷ്മ പരിശോധന 15നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 17നുമാണ്. വോട്ടെടുപ്പ് 2017 ജനുവരി 4ന് രാവിലെ 7 മണിക്ക് ആരംഭിക്കുകയും വൈകിട്ട് 5 മണിക്ക് അവസാനിക്കുകയും ചെയ്യും. വോട്ടെണ്ണൽ 5നു നടക്കും.

*(എസ്.ഇ.സി. 56/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th November 2016

## കടമക്കുടി ഗ്രാമപഞ്ചായത്തിലെ രണ്ട് അംഗങ്ങളെ അയോഗ്യരാക്കി.

കൂറുമാറിയതിന് എറണാകുളം കടമക്കുടി ഗ്രാമപഞ്ചായത്തിലെ രണ്ട് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അംഗങ്ങളായ എ.ജി.മാത്യൂ-വാർഡ് 9, എം.എഫ്. പ്രസാദ് -വാർഡ് 7, എന്നിവരെയാണ് അയോഗ്യരാക്കിയത്. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2016 നവംബർ 30 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലേക്കു മൽസരിക്കുന്നതിൽനിന്നുമാണ് വിലക്ക്. 13 വാർഡുകളുള്ള കടമക്കുടി ഗ്രാമപഞ്ചായത്തിൽ യൂ.ഡി.എഫിന് 5ഉം എൽ.ഡി.എഫിന് 5ഉം, ബി.ജെ.പിക്ക് 2ഉം, ഒരു സ്വതന്ത്രനുമാണ് അംഗങ്ങൾ. 2015 നവംബർ 19ന് പ്രസിഡന്റ് സ്ഥാനത്തേക്കും വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കും നടന്ന തിരഞ്ഞെടുപ്പുകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പാർട്ടിയുടെ വിപ്പ് ലംഘിച്ച് മനപ്പൂർവം അസാധു വോട്ടുരേഖപ്പെടുത്തി ഇടതുപക്ഷ സ്ഥാനാർത്ഥികളെ വിജയിപ്പിച്ചു. ഇതിനെതിരേ ഇന്ത്യൻ നേഷണൽ കോൺഗ്രസ്സ് അംഗം എം.എ. സുന്നോപൻ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. ഹർജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിംബാബു.എം, സജിത.എസ് എന്നിവർ ഹാജരായി.

*(എസ്.ഇ.സി. 55/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

31st October 2016

## കൂറുമാറിയ മുൻ ബ്ലോക്കുപഞ്ചായത്ത് അംഗത്തിന് അയോഗ്യത

കൂറുമാറിയതിന് പത്തനംതിട്ട റാന്നി ബ്ലോക്കുപഞ്ചായത്ത് ഡിവിഷൻ പന്ത്രണ്ടിലെ മുൻ അംഗത്തെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യയാക്കി. കേരള കോൺഗ്രസ്സ്(എം) അംഗം സൂസൻ അലക്സിനെയാണ് അയോഗ്യയാക്കിയത്. കൂറുമാറ്റ നിരോധന നിയമപ്രകാരം 2016 ഒക്ടോബർ 28 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നും അംഗമായി തുടരുന്നതിൽ നിന്നുമാണ് വിലക്ക്. 13 വാർഡുകളുള്ള റാന്നി ബ്ലോക്ക് പഞ്ചായത്തിൽ യു.ഡി.എഫിന് 7ഉം (കേരള കോൺഗ്രസ്സ് എം-1), എൽ.ഡി.എഫിന് 6ഉം സീറ്റുകളാണ് 2010 ലെ തിരഞ്ഞെടുപ്പിൽ ലഭിച്ചത്. പ്രസിഡന്റ് സ്ഥാനത്തേക്ക് 2015 മെയ് 5ന് നടന്ന തിരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ്സ്(എം)നൽകിയ വിപ്പ് ലംഘിച്ച് സൂസൻ എബ്രഹാം ഇടതുപക്ഷ സ്ഥാനാർത്ഥിക്ക് വോട്ടുചെയ്തു. ഇതിനെതിരേ ഇന്ത്യൻ നേഷണൽ കോൺഗ്രസ്സ് അംഗം അനി വലിയകാല സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. ഹർജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിംബാബു.എം, സജിത.എസ് എന്നിവർ ഹാജരായി.

*(എസ്.ഇ.സി. 54/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd October 2016

## ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 10
## യു.ഡി.എഫ് 3 ബി.ജെ.പി 1 വാർഡുകളിൽ വിജയിച്ചു.

വെള്ളിയാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനാല് തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി. എഫ് 10ഉം യു.ഡി.എഫ് 3 ഉം ബി.ജെ.പി 1 ഉം വാർഡുകളിൽ വിജയിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. .

എൽ.ഡി. എഫ് വിജയിച്ച ജില്ല, വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. തിരുവനന്തപുരം കിഴുവിലം - അഡ്വ.ശ്രീകണ്ഠൻനായർ - 1993,മരുതംകോട് - സുനിതാറാണി - 88, സീമന്തപുരം - രജനിരഞ്ജിത് - 311,പടിഞ്ഞാറ്റേല - സിദ്ദിഖ്.എം - 137,കൊല്ലം - കയ്യാലയ്ക്കൽ - എം.നൗഷാദ് - 465, ഇടുക്കി - അമ്പതാം മൈൽ - ബിൻസി റോയ് - 48, തൃശ്ശൂർ - കൈപ്പമംഗലം - ബി.ജി. വിഷ്ണു(പപ്പൻ) - 6880, ഞമനേങ്ങാട് - സിന്ധു മനോജ് - 27, പല്ലൂർ ഈസ്റ്റ് - കെ.ജയരാജ് - 11, വയനാട് - തിരുനെല്ലി - എം.സതീഷ്കുമാർ - 2924.

യൂ.ഡി.എഫിൽനിന്നും ഇടുക്കിയിൽ - കാൽവരിമൗണ്ട് - ബിജുമോൻ തോമസ് - 14 കോഴിക്കോട് - അരീക്കാട് - സയ്യദ് മുഹമ്മദ് ഷമീൽ എസ.വി - 416, കാസർഗോഡ് - ആയിറ്റി - തഹ്സിറ.കെ.വി. - 180. ബി.ജെ.പിയിൽനിന്നും, പാലക്കാട് - മേപ്പറമ്പ് - ശാന്തി.വി.എ - 182 വോട്ടുകൾക്കും വിജയിച്ചു.

തിരുവനന്തപുരം ജില്ലയിലെ സീമന്തപുരം, പടിഞ്ഞാറ്റേല, ഇടുക്കിയിലെ അമ്പതാം മൈൽ എന്നിവ യൂ.ഡി.എഫിൽനിന്നും എൽ.ഡി. എഫ് പിടിച്ചെടുത്തു. കോഴിക്കോട് - അരീക്കാട് എൽ.ഡി. എഫിൽനിന്നും യൂ.ഡി.എഫും പിടിച്ചെടുത്തു. പാലക്കാട് - മേപ്പറമ്പ് ബി.ജെ.പി നിലനിർത്തി.

*(എസ്.ഇ.സി. 53/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

21st October 2016

## ഉപതിരഞ്ഞെടുപ്പിൽ 74.28 ശതമാനം പോളിംഗ്

വെള്ളിയാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനാല് തദ്ദേശ സ്വയംഭരണ വാർഡുകളിൽ ശത മാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. തിരഞ്ഞെടുപ്പു നടന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ്, വോട്ടിംഗ് ശതമാനം, വോട്ടെ ണ്ണൽ കേന്ദ്രം എന്ന ക്രമത്തിൽ. തിരുവനന്തപുരം-ജില്ലാ പഞ്ചായത്ത്-കിഴുവിലം-55.97 ചിറ യിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഹാൾ, അതിയന്നൂർ ഗ്രാമപഞ്ചായത്ത്-മരുതംകോട്-85.75 അതിയന്നൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, മടവൂർ ഗ്രാമപഞ്ചായത്ത്-സീമന്തപുരം-78.56 മട വൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, പടിഞ്ഞാറ്റേല-80.23 മടവൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, കൊല്ലം-മുനിസിപ്പൽ കോർപ്പറേഷൻ-കയ്യാലയ്ക്കൽ-68.45 പ്രൈംമിനിസ്റ്റേഴ്സ് ആവാ സ് യോജനയുടെ ഓ ഫീസ്, ഇടുക്കി- മാങ്കുളം ഗ്രാമപഞ്ചായത്ത്-അമ്പതാം മൈൽ-85.10 മാങ്കുളം ഗ്രാമപഞ്ചായത്ത് കാര്യാലയം, കാമാക്ഷി ഗ്രാമപഞ്ചായത്ത്-കാൽവരിമൗണ്ട്-81.54 കാമാക്ഷി ഗ്രാമപഞ്ചായത്ത് കാര്യാലയം, തൃശ്ശൂർ ജില്ലാപഞ്ചായത്ത്-കൈപ്പമംഗലം-53.28 മതിലകത്തെ സെന്റ് ജോസഫ് ഹൈസ്കൂൾ ,വടക്കേക്കാട് ഗ്രാമപഞ്ചായത്ത്- ഞമനേങ്ങാട്-77.38 വടക്കേക്കാട് ഗ്രാമപഞ്ചായ ത്ത് കാര്യലയം, ദേശമംഗലം ഗ്രാമപഞ്ചായത്ത്-പല്ലൂർ ഈസ്റ്റ്-89.30 ദേശമംഗലം ഗ്രാമപഞ്ചായത്ത് കാര്യലയം, പാലക്കാട് മുനിസിപ്പാലിറ്റി-മേപ്പറമ്പ്-79.22 പാലക്കാട് മുനിസിപ്പൽ കൗൺസിൽ ഹാൾ, കോഴിക്കോട് കോർപ്പറേഷൻ- അരീക്കാട്-74.29 ടൗൺ ഹാൾ, വയനാട്- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്- തിരുനെല്ലി-64.64 മാനന്തവാടി ഗവ.വി.എച്ച്.എസ്, കാസർഗോഡ്-തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത്-ആയിറ്റി-66.23 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്. 22ന് രാവിലെ 10 മണിക്കാകും വോട്ടെണ്ണൽ ആരംഭിക്കുക.

*(എസ്.ഇ.സി. 52/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th October 2016

## 14 തദ്ദേശ ഭരണ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്

പതിനാല് തദ്ദേശ സ്വയംഭരണ വാർഡുകളിൽ നാളെ (ഒക്ടോബർ 21) നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. എട്ട് ജില്ലകളിൽ ഒഴിവുവന്ന പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.
തിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ്/ നിയോജക മണ്ഡലം,എന്ന ക്രമത്തിൽ. തിരുവനന്തപുരം- ജില്ലാ പഞ്ചായത്ത്- 24 കിഴുവിലം, അതിയന്നൂർ ഗ്രാമപഞ്ചായത്ത്- 15 മരുതംകോട്, മടവൂർ ഗ്രാമപഞ്ചായത്ത്- 10 സീമന്തപുരം, 11 പടിഞ്ഞാറ്റേല, കൊല്ലം- മുനിസിപ്പൽ കോർപ്പറേഷൻ- 35 കയ്യാലയ്ക്കൽ, ഇടുക്കി- മാങ്കുളം ഗ്രാമപഞ്ചായത്ത്- 03 അമ്പതാം മൈൽ, കാമാക്ഷി ഗ്രാമപഞ്ചായത്ത്- 09കാൽവരിമൗണ്ട്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്- 19 കൈപ്പമംഗലം, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്- 06 ഞമനേങ്ങാട്, ദേശമംഗലം ഗ്രാമപഞ്ചായത്ത്- 04 പല്ലൂർ ഈസ്റ്റ്, പാലക്കാട് മുനിസിപ്പാലിറ്റി - 48 മേപ്പറമ്പ്, കോഴിക്കോട് കോർപ്പറേഷൻ- 41 അരീക്കാട്, വയനാട്- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്- 05 തിരുനെല്ലി, കാസർഗോഡ്- തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്- 01 ആയിറ്റി.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്. എന്നിവയിൽ ഏതെങ്കിലും ഒന്ന് നിർബന്ധമാണ്.

വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5 ന് അവസാനിക്കും. 22ന് രാവിലെ 10 മണിക്കാകും വോട്ടെണ്ണൽ ആരംഭിക്കുക.

*(എസ്.ഇ.സി. 51/2016)*

Email:
**contact.seckerala@gmail.com**
**electionker@gmail.com**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**19th October 2016**

## കൂറുമാറിയ രണ്ട് മുൻ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് അയോഗ്യത.

കൂറുമാറിയതിന് ഇടുക്കി അറക്കുളം ഗ്രാമപഞ്ചായത്തിലെ രണ്ട് മുൻ അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. ഇന്ത്യൻ നേഷണൽ കോൺഗ്രസ്സ് അംഗങ്ങളായ ലളിത ജയരാജൻ- വാർഡ് 12, ബ്രിജിത് സിറിയക്- വാർഡ്1 എന്നിവരെയാണ് അയോഗ്യരാക്കിയത്. കൂറുമാറ്റ നിരോധന നിയമപ്രകാരം 2016 ഒക്ടോബർ 18 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നും അംഗമായി തുടരുന്നതിൽ നിന്നുമാണ് വിലക്ക്. 2014 ആഗസ്റ്റ് 5ന് പ്രസിഡന്റ് സ്ഥാനത്തേക്ക് നടന്ന തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് ബ്രിജിത് സിറിയക് മത്സരിക്കുകയും ലളിത ജയരാജൻ പിൻതുണക്കുകയും ചെയ്തിരുന്നു. ഇതിനെതിരേ സാജു ജോർജ്, ഉഷ ഗോപിനാഥ് എന്നിവർ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. ഹർജിക്കാർക്കു വേണ്ടി അഡ്വക്കേറ്റുമാരായ ജോസ് മാത്യു, എസ്.അജിത്, എന്നിവർ ഹാജരായി.

*(എസ്.ഇ.സി. 50/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

15th October 2016

## തദ്ദേശസ്വയം ഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ ജീവനക്കാർക്ക് സ്വന്തം പോളിംഗ് സ്റ്റേഷനിൽ വോട്ടുചെയ്യാം

സംസ്ഥാനത്തെ പതിനാല് തദ്ദേശസ്വയംഭരണ വാർഡുകളിൽ ഒക്ടോബർ 21ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, നിയമാനുസൃത കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ പ്രസ്തുത വാർഡിലെ വോട്ടറാണെന്ന് തെളിയിക്കുന്ന രേഖ സഹിതം അപേക്ഷിച്ചാൽ സ്വന്തം പോളിംഗ് സ്റ്റേഷനിൽ വോട്ടുചെയ്യാൻ പ്രത്യോകാനുമതി നൽകാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകാൻ ജില്ലാ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശം നൽകി.

## ഉപതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധം.

പതിനാല് തദ്ദേശസ്വയംഭരണ വാർഡുകളിൽ ഒക്ടോബർ 21ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് പോളിംഗ് സ്റ്റേഷനിലെ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്. എന്നീ രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഉത്തരവായി.

*(എസ്.ഇ.സി. 49/2016)*

| | | |
|---|---|---|
| Email:<br>contact.seckerala@gmail.com<br>electionker@gmail.com | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **30th September 2016** |

## ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ഒക്ടോബർ 6ന്

ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെക്കാനുള്ള യോഗം ഒക്ടോബർ 6ന് ചേരാൻ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി. ഹർത്താൽ കാരണം മാറ്റിവെച്ച തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗമാണ് വ്യാഴാഴ്ച 11 മണിക്ക് നടത്തുന്നതിന് കമ്മീഷൻ നിർദ്ദേശം നൽകിയത്.

*(എസ്.ഇ.സി. 48/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

26th September 2016

## 14 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനമായി.

സംസ്ഥാനത്തെ പതിനാല് തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഒക്ടോബർ 21ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ തിരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. വിവിധ ജില്ലകളിലെ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

ഉപതിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ്/നിയോജക മണ്ഡലം, എന്ന ക്രമത്തിൽ. തിരുവനന്തപുരം- ജില്ലാ പഞ്ചായത്ത്-24 കിഴുവിലം, അതിയന്നൂർ ഗ്രാമപഞ്ചായത്ത്-15 മരുതംകോട്, മടവൂർ ഗ്രാമപഞ്ചായത്ത്- 10 സീമന്തപുരം, കൊല്ലം- മുനിസിപ്പൽ കോർപ്പറേഷൻ-35 കയ്യാലയ്ക്കൽ, ഇടുക്കി- മാങ്കുളം ഗ്രാമപഞ്ചായത്ത്- 03 അമ്പതാം മൈൽ, കാമാക്ഷി ഗ്രാമപഞ്ചായത്ത്- 09കാൽവരിമൗണ്ട്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്-19 കൈപ്പമംഗലം, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്-06 ഞമനേങ്ങാട്, ദേശമംഗലം ഗ്രാമപഞ്ചായത്ത്-04 പല്ലൂർ ഈസ്റ്റ്, പാലക്കാട് മുനിസിപ്പാലിറ്റി -48 മേപ്പറമ്പ്, കോഴിക്കോട് കോർപ്പറേഷൻ-41 അരീക്കാട്, വയനാട്- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്-05 തിരുനെല്ലി, കാസർഗോഡ്- തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്-01 ആയിറ്റി.

ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം സെപ്തംബർ 19ന് പ്രാബല്യത്തിൽ വന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 3നു. പത്രികകളുടെ സൂക്ഷ്മ പരിശോധന ഒക്ടോബർ 4നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഒക്ടോബർ 6നു മാണ്. രാവിലെ 7 മണിക്ക് വോട്ടെടുപ്പ് ആരംഭിക്കുകയും വൈകിട്ട് 5 മണിക്ക് അവസാനിക്കുകയും ചെയ്യും. ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഒക്ടോബർ 22നും നടക്കും.

*(എസ്.ഇ.സി. 47/2016)*

| Email: contact.seckerala@gmail.com electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 19th September 2016 |

# 14 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഒക്ടോബർ 21ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ പതിനാല് തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഒക്ടോബർ 21ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ തിരഞ്ഞെടുപ്പു കമ്മീഷൻ തീരുമാനിച്ചു. വിവിധ ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും/മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

| നമ്പർ | ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | ഉപതിരഞ്ഞെടുപ്പ് നടത്തേണ്ട വാർഡ്/ നിയോജക മണ്ഡലം | സംവരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | ഡി.01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 24 കിഴുവിലം | ജനറൽ |
| 2. | തിരുവനന്തപുരം | ജി. 15 അതിയന്നൂർ ഗ്രാമപഞ്ചായത്ത് | 15 മരുതംകോട് | സ്ത്രീ |
| 3. | തിരുവനന്തപുരം | ജി. 59 മടവൂർ ഗ്രാമപഞ്ചായത്ത് | 10 സീമന്തപുരം | ജനറൽ |
| 4. | തിരുവനന്തപുരം | ജി. 59 മടവൂർ ഗ്രാമപഞ്ചായത്ത് | 11 പടിഞ്ഞാറ്റേല | ജനറൽ |
| 5. | കൊല്ലം | സി. 02 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | 35 കയ്യാലയ്ക്കൽ | ജനറൽ |
| 6. | ഇടുക്കി | ജി. 12 മാങ്കുളം ഗ്രാമപഞ്ചായത്ത് | 03 അമ്പതാംമൈൽ | സ്ത്രീ |
| 7. | ഇടുക്കി | ജി.32 കാമാക്ഷി ഗ്രാമപഞ്ചായത്ത് | 09 കാൽവരിമൗണ്ട് | ജനറൽ |
| 8. | തൃശ്ശൂർ | ഡി.08 തൃശ്ശൂർ ജില്ലാപഞ്ചായത്ത് | 19 കൈപ്പമംഗലം | ജനറൽ |
| 9. | തൃശൂർ | ജി. 05 വടക്കേക്കാട് ഗ്രാമപഞ്ചായത്ത് | 06 ഞമനേങ്ങാട് | സ്ത്രീ |
| 10. | തൃശൂർ | ജി. 14 ദേശമംഗലം ഗ്രാമപഞ്ചായത്ത് | 04 പല്ലൂർ ഈസ്റ്റ് | ജനറൽ |
| 11. | പാലക്കാട് | എം. 40 പാലക്കാട് മുനിസിപ്പാലിറ്റി | 48 മേപ്പറമ്പ് | സ്ത്രീ |
| 12. | കോഴിക്കോട് | സി.05 കോഴിക്കോട് കോർപ്പറേഷൻ | 41 അരീക്കാട് | ജനറൽ |
| 13. | വയനാട് | ബി.132 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 05 തിരുനെല്ലി | പട്ടികവർഗ്ഗം |
| 14. | കാസർഗോഡ് | ജി.38 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | 01 ആയിറ്റി | സ്ത്രീ |

ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം സെപ്തംബർ 19ന് പ്രാബല്യത്തിൽ വന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച നിലവിലുള്ള പോളിംഗ് സ്റ്റേഷനുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് മാറ്റം ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സെപ്തംബർ 23ന് മുമ്പായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരം വാങ്ങേണ്ടതാണ്. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 3. പത്രികകളുടെ സൂക്ഷ്മ പരിശോധന ഒക്ടോബർ 4നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഒക്ടോബർ 6 മാണ്. ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഒക്ടോബർ 22ന് നടക്കും.

*(എസ്.ഇ.സി. 46/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th September 2016

## ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് സെപ്റ്റംബർ 26,27,28 തീയതികളിൽ.

ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും, മുനിസിപ്പൽ കൗൺസിലർമാരുടെയും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും യോഗം യഥാക്രമം സെപ്റ്റംബർ 26,27,28 തീയതികളിൽ ചേരാൻ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ വരണാധികാരിയായ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 45/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

7th September 2016

## കൂറുമാറിയതിന് അയോഗ്യത

കൂറുമാറിയതിന് അങ്കമാലി മുനിസിപ്പാലിറ്റിയിലെ നാലു മുൻ കൗൺസിലർമാരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. ഇന്ത്യൻ നേഷണൽ കോൺഗ്രസ്സ് അംഗങ്ങളായ എൽ.സി.ആന്റണി - വാർഡ് 28, സി.കെ,വർഗ്ഗീസ് - വാർഡ് 29, മേരിസിറിയക് - വാർഡ് 19, ജയ ജിബി - വാർഡ് 23, എന്നിവരെയാണ് അയോഗ്യരാക്കിയത്. 2014 ൽ മുനിസിപ്പൽ ചെയർമാൻ സ്ഥാനത്തേക്ക് നടന്ന തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ചതിനെതിരേ കൗൺസിലർമാരായ പൗലൂസ്, മീര അവറാച്ചൻ എന്നിവർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ച ഹർജിയിലാണ് തീരുമാനം. കൂറുമാറ്റ നിരോധന നിയമപ്രകാരം 2016 സെപ്തംബർ ഏഴു മുതൽ ആറു വർഷത്തേക്ക് അംഗമായി തുടരുന്നതിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽനിന്നും കമ്മീഷൻ ഇവരെ വിലക്കിയിട്ടുണ്ട്. സ്വതന്ത്രനയി വിജയിച്ച വിൽസൺ മുണ്ടാടനെതിരായ പരാതി കമ്മീഷൻ തള്ളി. ഹർജിക്കാർക്കുവേണ്ടി അഡ്വക്കേറ്റ്മാരായ കല്ലമ്പലം എസ് ശ്രീകുമാർ, വാസുദേവൻ നായർ കെ.ബി.ഷാജി എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 44/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th August 2016

## തദ്ദേശഭരണ വാർഡുകളിലെ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

അംഗങ്ങളുടെ ഒഴിവ് വന്നിട്ടുള്ള തദ്ദേശഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർപട്ടിക ഇന്നലെ (05.08.2016) പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ മരുതംകോട് വാർഡ്, മടവൂർ ഗ്രാമപഞ്ചായത്തിലെ സീമന്തപുരം, പടിഞ്ഞാറ്റേല വാർഡുകൾ, കൊല്ലം കോർപ്പറേഷനിലെ കയ്യാലയ്ക്കൽ വാർഡ്, ഇടുക്കി മാങ്കുളം ഗ്രാമപഞ്ചായത്തിലെ അമ്പതാംമൈൽ, തൃശ്ശൂർ വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ ഞമനേങ്ങാട് വാർഡ്, ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പല്ലൂർ ഈസ്റ്റ് വാർഡ്, പാലക്കാട് മുനിസിപ്പാലിറ്റിയിലെ മേപ്പറമ്പ് വാർഡ് എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്. കരട് പട്ടിക അതാത് സ്ഥാപനങ്ങളിലും ബ്ലോക്ക് ഓഫീസിലും താലൂക്ക് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ **www.lsgelection.kerala.gov.in** വെബ്സൈറ്റിലും അവ ലഭ്യമാണ്.

കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും 20.08.2016 വൈകുന്നേരം 5 മണിവരെ സ്വീകരിക്കും. പേര് ഉൾപ്പെടുത്തുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും സ്ഥാനമാറ്റം നടത്തുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനിലൂടെ വേണം സമർപ്പിക്കേണ്ടത്. പേര് ഉൾപ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങൾ നേരിട്ടോ രജിസ്റ്റേഡ് തപാലിലോ സമർപ്പിക്കണം. അപേക്ഷകൾ തീർപ്പുകൽപ്പിച്ച് 31.08.2016-ൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 43/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th July 2016

## കൂറുമാറിയ അഞ്ച് മുൻഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് അയോഗ്യത

പാർട്ടി വിപ്പ് ലംഘിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് എതിരായ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച എറണാകുളം തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉൾപ്പെടെ അഞ്ച് മുൻ അംഗങ്ങൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ അയോഗ്യത കൽപ്പിച്ചു. കൂറുമാറ്റനിരോധന നിയമ പ്രകാരം 2016 ജൂലൈ 29 മുതൽ ആറു വർഷത്തേക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് മൽസരിക്കുന്നതിൽ നിന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഇവരെ വിലക്കി.

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ഏലിയാമ്മ ചാക്കോയ്ക്കെതിരെ 07.10.2014-ൽ അവതരിപ്പിക്കപ്പെട്ട അവിശ്വാസപ്രമേയം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പാർട്ടിയുടെ വിപ്പ് ലംഘിച്ച് പ്രമേയത്തെ പിന്തുണച്ച കോൺഗ്രസ്സ് പാർട്ടി അംഗങ്ങളായ ധന്യാ രവി, എ.എ.ജൂലിയോസ്, ബാബു പൈലി, ജോർജ്ജ് പത്രോസ്, അല്ലി ജെയിംസ് എന്നിവരെ അയോഗ്യരാക്കണമെന്ന ഗ്രാമപഞ്ചായത്തിൻെറ പ്രസിഡന്റ് ആയിരുന്ന ഏലിയാമ്മ ചാക്കോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ച വ്യത്യസ്ത ഹർജികളിലാണ് 29.07.2016-ൽ പൊതു വിധി പ്രഖ്യാപിച്ചത്. പരാതിക്കാരിക്കുവേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിം ബാബു, സജിത.എസ്, എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 42/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th July 2016

## ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫിന് 7 യു.ഡി.എഫിന് 5 ബി.ജെ.പി ക്ക് 3

## പാപ്പനംകോട് ബി.ജെ.പിയും ഉദുമ യു.ഡി.എഫും നിലനിർത്തി

വ്യാഴാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനഞ്ച് തദ്ദേശഭരണ വാർഡുകളിൽ എൽ.ഡി. എഫ് 7 യു.ഡി.എഫ് 5 ബി.ജെ.പി 3 വാർഡുകളിൽ വിജയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ പാപ്പനംകോട് വാർഡിൽ ബി.ജെ.പി സ്ഥാനാർത്ഥി ആശാനാഥ് 35 വോട്ടുകൾക്ക് വിജയിച്ചു. കാസർഗോഡ് ജില്ലാപഞ്ചായത്ത് ഉദുമ വാർഡിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ഷാനവാസ് പാദൂർ 1,886 വോട്ടുകൾക്കും വിജയിച്ചു. വിവിധ വാർഡുകളിൽ വിജയിച്ചവരുടെ വിശദാംശങ്ങൾ ചുവടെ.

| ജില്ല | തദ്ദേശഭരണ സ്ഥാപനം | വാർഡ് | വിജയിച്ച സ്ഥാനാർത്ഥി | ഭൂരിപക്ഷം | കക്ഷി ബന്ധം |
|---|---|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ | പാപ്പനംകോട് | ആശാനാഥ്.ജി.എസ് | 35 | ബി.ജെ.പി |
| തിരുവനന്തപുരം | തൊളിക്കോട് ഗ്രാമപഞ്ചായത്ത് | തോട്ടുമുക്ക് | സജിത | 151 | സി.പി.ഐ.എം |
| തിരുവനന്തപുരം | വെട്ടൂർ ഗ്രാമപഞ്ചായത്ത് | അക്കരവിള | ബി.റീന | 134 | സി.പി.ഐ.എം |
| ആലപ്പുഴ | പാലമേൽ ഗ്രാമപഞ്ചായത്ത് | ആദിക്കാട്ടുകുളങ്ങര ടൗൺ | ഷൈലജ | 137 | സി.പി.ഐ.എം |
| ആലപ്പുഴ | ചേർത്തല മുനിസിപ്പാലിറ്റി | സിവിൽ സ്റ്റേഷൻ | ജ്യോതിഷ് | 134 | ബി.ജെ.പി |
| കോട്ടയം | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | കണിച്ചുകുളം | നിധീഷ് തോമസ് | 64 | ഐ.എൻ.സി |
| കോട്ടയം | മണർകാട് ഗ്രാമപഞ്ചായത്ത് | പറമ്പുകര | സിന്ധു | 198 | ബി.ജെ.പി |
| ഇടുക്കി | കൊക്കയാർ ഗ്രാമപഞ്ചായത്ത് | മുളംകുന്ന് | തോമസ് ലൂക്കോസ് തെക്കേൽ | 235 | എൽ.ഡി.എഫ് സ്വതന്ത്രൻ |
| എറണാകുളം | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | ചക്കംകുളങ്ങര | ശബരിഗിരീശൻ | 94 | യു.ഡി.എഫ് സ്വതന്ത്രൻ |
| തൃശ്ശൂർ | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പത്താഴക്കാട് | കെ.എ.ഹൈദ്രോസ് | 98 | ഐ.എൻ.സി |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | കണ്ണിയംപുറം വായനശാല | കെ.കെ.രാമകൃഷ്ണൻ | 385 | സി.പി.ഐ.എം |
| മലപ്പുറം | ഊരകം ഗ്രാമപഞ്ചായത്ത് | ഒ.കെ.എം.വാർഡ് | റീന തിരുത്തി | 114 | യു.ഡി.എഫ് സ്വതന്ത്രൻ |
| കോഴിക്കോട് | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമശ്ശേരി ഈസ്റ്റ് | ഭാസ്കരൻ മാസ്റ്റർ | 76 | എൽ.ഡി.എഫ് സ്വതന്ത്രൻ |
| കണ്ണൂർ | കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | അഞ്ചാം പീടിക | രമാ.ഡി | 505 | സി.പി.ഐ.എം |
| കാസർഗോഡ് | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | ഉദുമ | ഷാനവാസ് പാദൂർ | 1,886 | ഐ.എൻ.സി |

*(എസ്.ഇ.സി. 41/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th July 2016

## ഉപതിരഞ്ഞെടുപ്പിൽ 76.81 ശതമാനം പോളിംഗ്

വ്യാഴാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനഞ്ച് തദ്ദേശഭരണ സ്ഥാപന വാർഡുകളിൽ 76.81 ശതമാനംപേർ സമ്മതിദാനവകാശം വിനിയോഗിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ പാപ്പനംകോട് വാർഡിൽ 69.67 ശതമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ ഉദുമ വാർഡിൽ 61.61 ശതമാനവുമാണ് പോളിംഗ്. മറ്റു തദ്ദേശഭരണ വാർഡുകളിലെ പോളിംഗ് ശതമാനം ചുവടെ.

| ജില്ല | തദ്ദേശഭരണ സ്ഥാപനം | വാർഡ് | ശതമാനം |
|---|---|---|---|
| തിരുവനന്തപുരം | തൊളിക്കോട് ഗ്രാമപഞ്ചായത്ത് | തോട്ടുമുക്ക് | 76.24 |
| തിരുവനന്തപുരം | വെട്ടൂർ ഗ്രാമപഞ്ചായത്ത് | അക്കരവിള | 73.13 |
| ആലപ്പുഴ | പാലമേൽ ഗ്രാമപഞ്ചായത്ത് | ആദിക്കാട്ടുകുളങ്ങര | 82.30 |
| ആലപ്പുഴ | ചേർത്തല മുനിസിപ്പാലിറ്റി | സിവിൽ സ്റ്റേഷൻ | 83.56 |
| കോട്ടയം | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | കണിച്ചുകുളം | 76.09 |
| കോട്ടയം | മണർകാട് ഗ്രാമപഞ്ചായത്ത് | പറമ്പുകര | 79.54 |
| ഇടുക്കി | കൊക്കയാർ ഗ്രാമപഞ്ചായത്ത് | മുളംകുന്ന് | 85.85 |
| എറണാകുളം | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | ചക്കംകുളങ്ങര | 73.04 |
| തൃശ്ശൂർ | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പത്താഴക്കാട് | 87.21 |
| പാലക്കാട് | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | കണ്ണിയംപുറം വായനശാല | 76.43 |
| മലപ്പുറം | ഊരകം ഗ്രാമപഞ്ചായത്ത് | ഒ.കെ.എം.നഗർ വാർഡ് | 76.68 |
| കോഴിക്കോട് | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമശ്ശേരി ഈസ്റ്റ് | 85.76 |
| കണ്ണൂർ | കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | അഞ്ചാം പീടിക | 65.05 |

എല്ലാ വാർഡുകളിലെയും വോട്ടെണ്ണൽ വെള്ളിയാഴ്ച രാവിലെ 8 മണിക്ക് ആരംഭിക്കും. പാപ്പനംകോട് വാർഡിലെ വോട്ടെണ്ണൽ സംഗീത കോളേജിലും കാസർഗോഡ് ജില്ലാ പഞ്ചായത്ത് വാർഡിലേത് ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഹാളിലുമാണ്.

*(എസ്.ഇ.സി. 40/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th July 2016

## 15 മണ്ഡലങ്ങളിലെ വോട്ടെടുപ്പ് ഇന്ന് (28.07.2016) രാവിലെ ഏഴ് മണിക്ക് ആരംഭിക്കും

സംസ്ഥാനത്തെ 15 തദ്ദേശഭരണ വാർഡുകളിലെ വോട്ടെടുപ്പ് ഇന്ന് (ജൂലൈ 28) രാവിലെ ഏഴ് മണിക്ക് ആരംഭിക്കും. വൈകുന്നേരം 5 മണിവരെയാണ് വോട്ടെടുപ്പ്.

തിരുവനന്തപുരം കോർപ്പറേഷനിലെ പാപ്പനംകോട്, വെട്ടൂർ ഗ്രാമപഞ്ചായത്തിലെ അക്കരവിള, തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ തോട്ടുമുക്ക്, ആലപ്പുഴ പാലമേൽ ഗ്രാമപഞ്ചായത്തിലെ ആദിക്കാട്ടുകുളങ്ങര, ചേർത്തല മുനിസിപ്പാലിറ്റിയിലെ സിവിൽ സ്റ്റേഷൻ കോട്ടയം മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ കണിച്ചുകുളം, മണർകാട് ഗ്രാമപഞ്ചായത്തിലെ പറമ്പുകര, ഇടുക്കി കൊക്കയാർ ഗ്രാമപഞ്ചായത്തിലെ മുളംകുന്ന് എറണാകുളം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ ചക്കംകുളങ്ങര തൃശ്ശൂർ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ പത്താഴക്കാട്, പാലക്കാട് ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ കണ്ണിയംപുറം വായനശാല, മലപ്പുറം ഊരകം ഗ്രാമപഞ്ചായത്തിലെ ഒ.കെ.എം. വാർഡ് കോഴിക്കോട് ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ ഓമശ്ശേരി ഈസ്റ്റ് കണ്ണൂർ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ അഞ്ചാം പീടിക കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ ഉദുമ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

വോട്ടു ചെയ്യാൻ സമ്മതിദായകൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്കു ആറു മാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും ഒരു രേഖ ഹാജരാക്കണം.

സമ്മതിദായകരുടെ വിരലിൽ മഷി അടയാളം രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയതിനെ തുടർന്ന് സമ്മതിദായകരുടെ ഇടതുകൈയ്യിലെ ചൂണ്ടുവിരലിൽ രേഖപ്പെടുത്തിയ മഷി ഇനിയും മാഞ്ഞുപോയിട്ടില്ലാത്ത സാഹചര്യത്തിലാണ് പുതിയ നിർദ്ദേശങ്ങൾ. ഇതനുസരിച്ച് ഇടതു കൈയ്യിലെ നടുവിരലിലായിരിക്കും ഉപതിരഞ്ഞെടുപ്പ് വോട്ടിംഗ് സമയത്ത് മഷി അടയാളം രേഖപ്പെടുത്തുക. നടുവിരൽ ഇല്ലാത്ത സാഹചര്യത്തിൽ മോതിരവിരലിലോ, ചെറുവിരലിലോ, തള്ളവിരലിലോ അടയാളം രേഖപ്പെടുത്തും. ഇടതു കൈയ്യില്ലാത്തവരിൽ വലതു കൈയ്യിലെ ചൂണ്ടുവിരലിലോ, മേൽ ക്രമപ്രകാരമുള്ള ഏതെങ്കിലും മറ്റുവിരലിലോ മഷി അടയാളം രേഖപ്പെടുത്തുന്നതാണ്. രണ്ട് കൈകളിലും വിരലുകളില്ലായെങ്കിൽ ഇടതോ വലതോ കൈയ്യുടെ അഗ്രത്ത് വേണം മഷി അടയാളം ഇടേണ്ടത്.

എല്ലാ മണ്ഡലങ്ങളിലേയും വോട്ടെണ്ണൽ വെള്ളിയാഴ്ച രാവിലെ എട്ട് മണിക്ക് തുടങ്ങും

*(എസ്.ഇ.സി. 38/2016)*

**<u>ഉപതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് പ്രത്യേക അനുമതി</u>**

സംസ്ഥാനത്ത് ഇന്ന് (28/07/2016) ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടർമാരായ സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങൾ, നിയമാനുസൃത കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്, അവർ ആവശ്യപ്പെടുന്ന പക്ഷം സ്വന്തം പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് രേഖപ്പെടുത്തുന്നതിന് അനുമതി നൽകാൻ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകാൻ ജില്ലാ കളക്ടർമാരോട് കമ്മീഷൻ ആവശ്യപ്പെട്ടു. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിലെ വോട്ടറാണെന്നു തെളിയിക്കുന്ന രേഖ സഹിതം വേണം ജീവനക്കാർ അപേക്ഷിക്കേണ്ടത്.

*(എസ്.ഇ.സി. 39/2016)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 26th July 2016 |

## 15 തദ്ദേശ ഭരണ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 15 തദ്ദേശഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് നാളെ (ജൂലൈ 28) നടക്കും.

തിരുവനന്തപുരം കോർപ്പറേഷനിലെ പാപ്പനംകോട്, വെട്ടൂർ ഗ്രാമപഞ്ചായത്തിലെ അക്കരവിള, തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ തോട്ടുമുക്ക്, ആലപ്പുഴ പാലമേൽ ഗ്രാമപഞ്ചായത്തിലെ ആദിക്കാട്ടുകുളങ്ങര, ചേർത്തല മുനിസിപ്പാലിറ്റിയിലെ സിവിൽ സ്റ്റേഷൻ കോട്ടയം മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ കണിച്ചുകുളം, മണർകാട് ഗ്രാമപഞ്ചായത്തിലെ പറമ്പുകര, ഇടുക്കി കൊക്കയാർ ഗ്രാമപഞ്ചായത്തിലെ മുളംകുന്ന് എറണാകുളം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ ചക്കംകുളങ്ങര തൃശ്ശൂർ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ പത്താഴക്കാട്, പാലക്കാട് ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ കണ്ണിയംപുറം വായനശാല, മലപ്പുറം ഊരകം ഗ്രാമപഞ്ചായത്തിലെ ഒ.കെ.എം. വാർഡ് കോഴിക്കോട് ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ ഓമശ്ശേരി ഈസ്റ്റ് കണ്ണൂർ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ അഞ്ചാം പീടിക കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ ഉദുമ എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകൾ.

വോട്ടു ചെയ്യാൻ സമ്മതിദായകൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്കു ആറു മാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും ഒരു രേഖ ഹാജരാക്കണം.

രാവിലെ ഏഴുമുതൽ വൈകുന്നേരം അഞ്ചുമണിവരെയാണ് പോളിംഗ്. വോട്ടെണ്ണൽ മറ്റന്നാൾ ( ജൂലൈ 29) രാവിലെ 8 മണിക്ക് ആരംഭിക്കും.

*(എസ്.ഇ.സി. 37/2016)*

| Email: contact.seckerala@gmail.com electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ | 12th July 2016 |

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് 81 നാമനിര്‍ദ്ദേശപത്രിക

സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ 15 മണ്ഡലങ്ങളിലേക്ക് ജൂലായ് 28-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് സാധുവായ 81 നാമനിര്‍ദ്ദേശപത്രികകള്‍ ലഭിച്ചു. ആകെ ലഭിച്ച 102 പത്രികകളില്‍ 21 എണ്ണം പിന്‍വലിക്കുകയോ, തള്ളുകയോ ചെയ്തിട്ടുണ്ട്. സ്ഥാനാര്‍ത്ഥിത്വം പിന്‍വലിക്കുന്നതിനുള്ള അവസാന സമയം ജൂലായ് 14-നു മൂന്നു മണിവരെയാണ്. സാധുവായ നാമനിര്‍ദ്ദേശക പത്രികകളുടെ വിശദാംശങ്ങള്‍ ചുവടെ.

| തദ്ദേശഭരണ സ്ഥാപനം | മണ്ഡലം | സാധുവായപത്രികകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം കോര്‍പ്പറേഷന്‍ | പാപ്പനംകോട് | 06 |
| തൊളിക്കോട് ഗ്രാമപഞ്ചായത്ത് | തോട്ടമുക്ക് | 07 |
| വെട്ടൂര്‍ ഗ്രാമപഞ്ചായത്ത് | അക്കരവിള | 06 |
| ചേര്‍ത്തല മുനിസിപ്പാലിറ്റി | സിവില്‍ സ്റ്റേഷന്‍ | 07 |
| പാലമേല്‍ ഗ്രാമപഞ്ചായത്ത് | ആദികാട്ടുകുളങ്ങര ടൗണ്‍ | 04 |
| മണര്‍കാട് ഗ്രാമപഞ്ചായത്ത് | പറമ്പുകര | 04 |
| മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | കണിച്ചുകുളം | 03 |
| കൊക്കയാര്‍ ഗ്രാമപഞ്ചായത്ത് | മുളംകുന്ന് | 08 |
| തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | ചക്കംകുളങ്ങര | 04 |
| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പത്താഴക്കാട് | 05 |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | കണ്ണിയംപുറം വായനശാല | 06 |
| ഊരകം ഗ്രാമപഞ്ചായത്ത് | ഒ.കെ.എം.വാര്‍ഡ് | 05 |
| ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമശ്ശേരി ഈസ്റ്റ് | 06 |
| കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | അഞ്ചാംപീടിക | 03 |
| കാസര്‍ഗോഡ് ജില്ലാ പഞ്ചായത്ത് | ഉദുമ | 07 |

*(എസ്.ഇ.സി. 35/2016)*

*തുടരുന്നു.....2..*

## കൂറുമാറിയതിന് അയോഗ്യത

കൂറുമാറിയതിന് പന്തളം ഗ്രാമപഞ്ചായത്തിലെ മുൻ അംഗം കേരള കോൺഗ്രസ്സ് മാണിവിഭാഗത്തിലെ രാജൻ വർഗ്ഗീസിനെ (രാജു കല്ലുമൂട്) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് 2014 ഒക്ടോബർ 13-നു നടന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ പാർട്ടി വിപ്പ് ലംഘിച്ച് സ്ഥാനാർത്ഥിയായി നിന്ന് എതിർ വിഭാഗത്തിന്റെ പിന്തുണയോടെ തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന അഡ്വ.കെ.പ്രതാപൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിച്ച ഹർജിയിലാണ് തീരുമാനം. കൂറുമാറ്റ നിരോധന നിയമപ്രകാരം ആറു വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ നിന്നും കമ്മീഷൻ ഇദ്ദേഹത്തെ വിലക്കിയിട്ടുണ്ട്. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റുമാരായ എം.ഹാഷിം ബാബു, എസ്.സജിത എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 36/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

08th July 2016

## കൂറുമാറിയതിന് അയോഗ്യത

കൂറുമാറിയതിന് ആലപ്പുഴ അരൂർ ഗ്രാമപഞ്ചായത്തിലെ മുൻ അംഗങ്ങളായിരുന്ന ജനാധിപത്യ സംരക്ഷണ സമിതി (ജെ.എസ്.എസ്)യിലെ രണ്ട് പേരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ അയോഗ്യരാക്കി. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് 2014 മാർച്ച് മൂന്നിന് നടന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ നിന്ന് ഇവർ പാർട്ടി വിപ്പ് ലംഘിച്ച് പങ്കെടുക്കാതിരുന്നതിനെ തുടർന്ന് അതേ ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ വി.കെ.ഗൗരീശൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നൽകിയ വ്യത്യസ്ത ഹർജികളിലാണ് പൊതു തീരുമാനം. അരൂർ ഗ്രാമപഞ്ചായത്ത് 19-ാം വാർഡ് അംഗമായിരുന്ന നൈസി ലോറൻസ്, 14-ാം വാർഡ് അംഗമായിരുന്ന അജിതാ രമേശൻ എന്നിവർക്കാണ് അയോഗ്യത. കൂറുമാറ്റ നിരോധന നിയമ പ്രകാരം ആറു വർഷത്തേക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ നിന്നും ഇവരെ കമ്മീഷൻ വിലക്കി. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റ് സലിൻ.എസ്.രാജൻ തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 34/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

01st July 2016

## ആറു തദ്ദേശ ഭരണ മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പ്: കരട് വോട്ടർപട്ടിക ഏഴിന് പ്രസിദ്ധീകരിക്കും

അംഗങ്ങളുടെ രാജിയോ മരണമോ കാരണം വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ആറു ആകസ്മിക ഒഴിവുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി വോട്ടർ പട്ടിക പുതുക്കുന്നതിന് സംസ്ഥാന തിഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ കിഴുവിലം, ഇടുക്കി കാമാക്ഷി ഗ്രാമപഞ്ചായത്തിലെ കാൽവരിമൗണ്ട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ കൈപ്പമംഗലം, കോഴിക്കോട് കോർപ്പറേഷനിലെ അരീക്കാട്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ തിരുനെല്ലി, കാസർഗോഡ് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ ആയിറ്റി എന്നിവിടങ്ങളിലാണ് വോട്ടർ പട്ടിക പുതുക്കുന്നത്. ജൂലൈ ഏഴിന് കരടും ആഗസ്റ്റ് ആറിന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കാനാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജൂലൈ 23 വരെ കരട് വോട്ടർപട്ടിക സംബന്ധിച്ച് അവകാശവാദങ്ങളും അക്ഷേപങ്ങളും സമർപ്പിക്കാവുന്നതാണ്.

*(എസ്.ഇ.സി. 32/2016)*

## വോട്ടർപട്ടിക പുതുക്കൽ: ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാരെ വിവരം അറിയിക്കണം

ഈ മാസം 28-ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന 15 തദ്ദേശ ഭരണ മണ്ഡലങ്ങളിലെ വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി. ഇതനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലെ വോട്ടർ പട്ടിക പുതുക്കുമ്പോൾ മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിലെ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വോട്ടർമാരെ പുതുക്കിയ പട്ടികയിൽ ഉൾപ്പെടുത്തുന്നപക്ഷം നേരത്തെ ഉൾപ്പെട്ടിരുന്ന തദ്ദേശ ഭരണ സ്ഥാപനത്തിലെ വോട്ടർപട്ടികയിൽ നിന്നും അവരെ നീക്കം ചെയ്യണമെന്ന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

*(എസ്.ഇ.സി. 33/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th June 2016

## തദ്ദേശ ഭരണ ഉപതിരഞ്ഞെടുപ്പ് ജൂലൈ 28-ന്

## മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു

സംസ്ഥാനത്തെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ 15 മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ജൂലൈ 28-ന് നടത്തുന്നതാണ്. ഉപതിരഞ്ഞെടുപ്പിൻെറ കാര്യപരിപാടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വെള്ളിയാഴ്ച പ്രസിദ്ധീകരിച്ചു. ഇതോടു കൂടി ഇന്നു(ജൂൺ 24) മുതൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട നിയോജക മണ്ഡലങ്ങളിലുമായിരിക്കും മാതൃകാപെരുമാറ്റച്ചട്ടം പ്രാബല്യത്തിലുണ്ടാകുക. അംഗങ്ങളുടെ രാജിയോ മരണമോ കാരണം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കാണ് ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ളത്. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | ജില്ലയുടെ പേര് | തദ്ദേശഭരണ സ്ഥാപനത്തിൻെ നമ്പരു പേരും | നിയോജകമണ്ഡലത്തിൻെറ/ വാർഡിൻെറ നമ്പരും പേരും | സംവരണ വിവരം | വരണാധികാരി |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | സി.01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 52 പാപ്പനംകോട് | പട്ടികജാതി | സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം |
| 2 | തിരുവനന്തപുരം | ജി.39 തൊളിക്കോട് ഗ്രാമപഞ്ചായത്ത് | 04 തോട്ടുമുക്ക് | വനിത | തഹസീൽദാർ (റവന്യൂ റിക്കവറി), നെടുമങ്ങാട് |
| 3 | തിരുവനന്തപുരം | ജി.67 വെട്ടൂർ ഗ്രാമപഞ്ചായത്ത് | 02 അക്കരവിള | വനിത | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, വർക്കല |
| 4 | ആലപ്പുഴ | എം.15 ചേർത്തല മുനിസിപ്പാലിറ്റി | 13 സിവിൽസ്റ്റേഷൻ | ജനറൽ | എക്സിക്യുട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (റോഡ്സ്), ആലപ്പുഴ |
| 5 | ആലപ്പുഴ | ജി.62 പാലമേൽ ഗ്രാമപഞ്ചായത്ത് | 10 ആദിക്കാട്ടുകുളങ്ങര ടൗൺ | വനിത | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, മാവേലിക്കര |
| 6 | കോട്ടയം | ജി.48 മണർകാട് ഗ്രാമപഞ്ചായത്ത് | 02 പറമ്പുകര | വനിത | അഡീഷണൽ തഹസീൽദാർ, കോട്ടയം |
| 7 | കോട്ടയം | ജി..51 മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 06 കണിച്ചുകുളം | ജനറൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, ചങ്ങനാശ്ശേരി |
| 8 | ഇടുക്കി | ജി.50 കൊക്കയാർ ഗ്രാമപഞ്ചായത്ത് | 05 മുളംകുന്ന് | ജനറൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, പീരുമേട് |
| 9 | എറണാകുളം | എം.21 തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 39 ചക്കംകുളങ്ങര | ജനറൽ | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, എറണാകുളം, കൊച്ചി |

| | | | | | |
|---|---|---|---|---|---|
| 10 | തൃശൂർ | ജി.50 ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | 15 പത്താഴക്കാട് | ജനറൽ | അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കൊടുങ്ങല്ലൂർ, തൃശ്ശൂർ |
| 11 | പാലക്കാട് | എം.39 ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 29 കണ്ണിയാംപുറം വായനശാല | ജനറൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് |
| 12 | മലപ്പുറം | ജി.77 ഊരകം ഗ്രാമപഞ്ചായത്ത് | 03. ഒ.കെ.എം.വാർഡ് | വനിത | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, സബ്ഡിവിഷൻ, മലപ്പുറം |
| 13 | കോഴിക്കോട് | ജി.60 ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | 06.ഓമശ്ശേരി ഈസ്റ്റ് | പട്ടികജാതി | സീനിയർ സൂപ്രണ്ട്, ഓഫീസ് ഓഫ് ദി അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, താമരശ്ശേരി |
| 14 | കണ്ണൂർ | ജി..07 കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 06. അഞ്ചാംപീടിക | വനിത | അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കണ്ണൂർ |
| 15 | കാസർഗോഡ് | ഡി.14 കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 13.ഉദുമ | ജനറൽ | ജില്ലാ കളക്ടർ, കാസർഗോഡ് |

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യപരിപാടിയനുസരിച്ച് ജൂലൈ നാലിന് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതു സംബന്ധിച്ച വിജ്ഞാപനവും വരണാധികാരിയുടെ നോട്ടീസ് പരസ്യപ്പെടുത്തലും നടത്തുന്നതാണ്. ജൂലൈ 11 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം. ജൂലൈ 12-ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 14 ആണ്. ജൂലൈ 28-ന് തിരഞ്ഞെടുപ്പും 29-ന് വോട്ടെണ്ണലും നടത്തും.

*(എസ്.ഇ.സി. 29/2016)*

## വോട്ടർപട്ടിക ജൂലൈ 11-ന് മുമ്പ് അപ്ഡേറ്റ് ചെയ്യണം

ജൂലൈ 28-ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ വാർഡുകളിലെ അന്തിമ വോട്ടർ പട്ടികയുടെ അപ്ഡേഷൻ ജോലികൾ ജൂലൈ 11-നു മുമ്പ് പൂർത്തിയാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകി. അന്തിമ വോട്ടർപട്ടികയായി ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും പേരു ഉൾപ്പെടുത്തുന്നതിനും അപേക്ഷയോ, ആക്ഷേപങ്ങളൊ ഉണ്ടെങ്കിൽ അവ ഇന്നു മുതൽ (ജൂൺ 24) ജൂലൈ രണ്ടു വരെ സ്വീകരിച്ച് നിശ്ചിത തീയതിക്കുള്ളിൽ അവശ്യമായ തുടർനടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. വോട്ടർപട്ടികയിലെ ഭേദഗതികൾ അന്തിമ പട്ടികയിലെ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാനും അവയുടെ പകർപ്പുകൾ രാഷ്ട്രീയ കക്ഷികൾക്ക് നൽകുന്നതിനും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 30/2016)*

## കൂറുമാറ്റം: ആറു പേരെ തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കി

എറണാകുളം ഒക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ അംഗങ്ങളായിരുന്ന കോൺഗ്രസ്സിലെ എം.വി.ബെന്നി, പി.കെ.മുഹമ്മദ് കുഞ്ഞ്, ദീപ അനിൽ, ടി.ജി.ബാബു, മിനി ഷാജു, എൻ.ഒ.ജോർജ് എന്നിവരെ കൂറുമാറ്റ നിരോധന നിയമപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി ഉത്തരവായി. ഒക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് 2014 ആഗസ്റ്റ് 21-ന് നടന്ന തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് ഇവർ പങ്കെടുത്തില്ല. ഇതിനെതുടർന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന അൻവർ മുണ്ടേത്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിച്ച വ്യത്യസ്ത ഹർജികളിന്മേലാണ് പൊതു ഉത്തരവ്. ഇതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ നിന്നും ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുണ്ട്. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റുമാരായ എം.ഹാഷിം ബാബു, എസ്.സജിത എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 31/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14th June 2016

## പന്തളം മുനിസിപ്പാലിറ്റി ഉപതിരഞ്ഞെടുപ്പ് ഫലം 14.06.2016.

പന്തളം മുനിസിപ്പാലിറ്റിയിലെ കൂരമ്പാല ടൗൺ വാർഡിൽ ചൊവ്വാഴ്ച നടന്ന ഉപതിരഞ്ഞെടുപ്പിൽ ബി.ജെ.പി സ്ഥാനാർത്ഥി ധന്യാ ഉദയചന്ദ്രൻ വിജയിച്ചു. തൊട്ടടുത്ത എതിർ സ്ഥാനാർത്ഥി കോൺഗ്രസ്സിലെ എം.മനോജ്കുമാറിനെക്കാൾ 111 വോട്ടിനാണ് വിജയിച്ചത്. കൗൺസിലറായിരുന്ന ബി.ജെ.പി യിലെ ഉദയ ചന്ദ്രൻ മരണപ്പെട്ടതിനെ തുടർന്നായിരുന്നു ഉപതിരഞ്ഞെടുപ്പ്. സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ട് വിവരം ചുവടെ.

| പേര് | കക്ഷി ബന്ധം | ലഭിച്ച വോട്ടുകൾ |
|---|---|---|
| ധന്യാ ഉദയചന്ദ്രൻ | ബി.ജെ.പി | 316 |
| എം.മനോജ്കുമാർ | കോൺഗ്രസ്സ് | 205 |
| ആർ.ജ്യോതികുമാർ | സി.പി.ഐ (എം) | 176 |
| എം.രാജേഷ് | സ്വതന്ത്രൻ | 01 |

*(എസ്.ഇ.സി. 27/2016)*

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ചുമതലയേറ്റു

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയായി പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി, കെ.വി.മുരളീധരൻ ചുമതലയേറ്റു.

*(എസ്.ഇ.സി. 28/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th June 2016

## വോട്ടു ചെയ്യുന്നതിനുള്ള രേഖകൾ

ജൂൺ 14 ന് പന്തളം മുനിസിപ്പാലിറ്റിയിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിന് സമ്മതിദായകർ ഹാജരാക്കേണ്ട രേഖ സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഇതനുസരിച്ച് ഓരോ സമ്മതിദായകരും പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുമ്പോൾ പ്രിസൈഡിംഗ് ഓഫീസറുടെയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടെയോ മുമ്പാകെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറുമാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണ്.

*(എസ്.ഇ.സി. 25/2016)*

## പന്തളം മുനിസിപ്പാലിറ്റി ഉപതിരഞ്ഞെടുപ്പ് മഷി അടയാളം രേഖപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി.

ജൂൺ 14ന് പന്തളം മുനിസിപ്പാലിറ്റിയിലെ കൂരമ്പാല ടൗൺ വാർഡിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ സമ്മതിദായകരുടെ വിരലിൽ മഷി അടയാളം രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയതിനെ തുടർന്ന് സമ്മതിദായകരുടെ ഇടതുകൈയ്യിലെ ചൂണ്ടുവിരലിൽ രേഖപ്പെടുത്തിയ മഷി ഇനിയും മാഞ്ഞുപോയിട്ടില്ലാത്ത സാഹചര്യത്തിലാണ് പുതിയ നിർദ്ദേശങ്ങൾ. ഇതനുസരിച്ച് ഇടതു കൈയ്യിലെ നടുവിരലിലായിരിക്കും ഉപതിരഞ്ഞെടുപ്പ് വോട്ടിംഗ് സമയത്ത് മഷി അടയാളം രേഖപ്പെടുത്തുക. നടുവിരൽ ഇല്ലാത്ത സാഹചര്യത്തിൽ മോതിരവിരലിലോ, ചെറുവിരലിലോ, തള്ളവിരലിലോ അടയാളം രേഖപ്പെടുത്തും. ഇടതു കൈയ്യില്ലത്തവരിൽ വലതു കൈയ്യിലെ ചൂണ്ടുവിരലിലോ, മേൽ ക്രമപ്രകാരമുള്ള ഏതെങ്കിലും മറ്റുവിരലിലോ മഷി അടയാളം രേഖപ്പെടുത്തുന്നതാണ്.

*(എസ്.ഇ.സി. 26/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

6th June 2016

## കരട് വോട്ടർപട്ടിക: ആക്ഷേപങ്ങൾ ഏഴു വരെ സമർപ്പിക്കാം

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ 15 മണ്ഡലങ്ങളിലെ കരട് വോട്ടർ പട്ടിക സംബന്ധിച്ചുള്ള അവകാശങ്ങളും ആക്ഷേപങ്ങളും ജൂൺ ഏഴു വരെ സമർപ്പിക്കാവുന്നതാണ്. ജൂൺ 16-ന് ഇതിന്മേൽ തീർപ്പുണ്ടാക്കുന്നതും 18-ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്. ബന്ധപ്പെട്ട തദ്ദേശ ഭരണ മണ്ഡലങ്ങളിലെ വോട്ടർമാർ കരട് വോട്ടർ പട്ടിക പരിശോധിച്ച് ഉപതിരഞ്ഞെടുപ്പിൽ തങ്ങളുടെ വോട്ടവകാശം ഉറപ്പാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയല്ല തദ്ദേശ ഭരണ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ജാഗ്രത കാട്ടണമെന്നു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ അറിയിപ്പിൽ പറയുന്നു. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങൾ ചുവടെ.

| ജില്ല | തദ്ദേശഭരണ സ്ഥാപനം | വാർഡ് |
|---|---|---|
| തിരുവനന്തപുരം | വെട്ടൂർ ഗ്രാമപഞ്ചായത്ത് | അക്കരവിള |
| | തൊളിക്കോട് ഗ്രാമപഞ്ചായത്ത് | തോട്ടമുക്ക് |
| | തിരുവനന്തപുരം നഗരസഭ | പാപ്പനംകോട് |
| ആലപ്പുഴ | പാലമേൽ ഗ്രാമപഞ്ചായത്ത് | ആദിക്കാട്ടുകുളങ്ങര |
| | ചേർത്തല മുനിസിപ്പാലിറ്റി | സിവിൽ സ്റ്റേഷൻ |

| | | |
|---|---|---|
| കോട്ടയം | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | കണിച്ചുകുളം |
| | മണർക്കാട് ഗ്രാമപഞ്ചായത്ത് | പറമ്പുകര |
| ഇടുക്കി | കൊക്കയാർ ഗ്രാമപഞ്ചായത്ത് | മുളംകുന്ന് |
| എറണാകുളം | തൃപ്പുണിത്തുറ മുനിസിപ്പാലിറ്റി | ചക്കംകുളങ്ങര |
| തൃശ്ശൂർ | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പത്താഴക്കാട് |
| പാലക്കാട് | ഒറ്റപാലം മുനിസിപ്പാലിറ്റി | കണ്ണിയംപുറം വായനശാല |
| മലപ്പുറം | ഊരകം ഗ്രാമപഞ്ചായത്ത് | ഒ.കെ.എം.വാർഡ് |
| കോഴിക്കോട് | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമശ്ശേരി കിഴക്ക് |
| കണ്ണൂർ | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | അഞ്ചാം പീടിക |
| കാസർഗോഡ് | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | ചെമ്പനാട് 1,2,19,20,21,22,23 വാർഡുകൾ<br>ഉദുമ 1- 21 വാർഡുകൾ<br>പള്ളിക്കര 1,2,16,17,18,19,21,22 വാർഡുകൾ |

*(എസ്.ഇ.സി. 24/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th May 2016

## കോഴിക്കോട് മേയർ തിരഞ്ഞെടുപ്പ് ജൂൺ ഒൻപതിന്

കോഴിക്കോട് കോർപ്പറേഷൻ മേയർ കഴിഞ്ഞ 20-ന് തൽസ്ഥാനം രാജിവെച്ചതിനെ തുടർന്നുണ്ടായിട്ടുള്ള ഒഴിവിലേക്ക് ജൂൺ ഒൻപതിന് രാവിലെ 11 മണിക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. കോഴിക്കോട് ജില്ലാ കളക്ടറാണ് വരണാധികാരി.

*(എസ്.ഇ.സി. 23/2016)*

Email:
**contact.seckerala@gmail.com**
**electionker@gmail.com**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**23rd May 2016**

## പന്തളം മുനിസിപ്പാലിറ്റി ഉപതിരഞ്ഞെടുപ്പ് ജൂൺ 14 – ന്

പന്തളം മുനിസിപ്പാലിറ്റിയിലെ കൂരമ്പാല ടൗൺ വാർഡിലെ ഉപതിരഞ്ഞെടുപ്പ് ജൂൺ 14 – ന് നടത്തുന്നതാണ്. ഇതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. മെയ് 27 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാവുന്നതാണ്. മെയ് 28 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തും. സ്ഥാനാർത്ഥിത്വം മെയ് 30 വരെ പിൻവലിക്കാം. രാവിലെ ഏഴു മുതൽ വൈകുന്നേരം അഞ്ചു മണി വരെയാണ് പോളിംഗ് സമയം. പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയും പന്തളം നഗരസഭാ സെക്രട്ടറി അസിസ്റ്റന്റ് വരണാധികാരിയും ആയിരിക്കും.

*(എസ്.ഇ.സി. 22/2016)*

Email:
**contact.seckerala@gmail.com**
**electionker@gmail.com**

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**20th May 2016**

## തദ്ദേശ ഭരണ ഉപതിരഞ്ഞെടുപ്പ് : വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചു

വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളുടെ രാജി അല്ലെങ്കിൽ മരണം മൂലമുണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സമയക്രമം നിശ്ചയിച്ചു. ഇതനുസരിച്ച് മെയ് 23-ന് വോട്ടർപട്ടികയുടെ കരട് പ്രസിദ്ധീകരിക്കുന്നതാണ്. ജൂൺ ഏഴു വരെ അവകാശമൊ ആക്ഷേപമോ ഉണ്ടെങ്കിൽ സമർപ്പിക്കാം. ജൂൺ 16-ന് ഇതിന്മേൽ തീർപ്പ് കൽപ്പിക്കുന്നതും 18-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളുടെ വിശദാംശങ്ങൾ ചുവടെ.

| ജില്ല | തദ്ദേശഭരണ സ്ഥാപനം | വാർഡ് |
|---|---|---|
| തിരുവനന്തപുരം | വെട്ടൂർ ഗ്രാമപഞ്ചായത്ത് | അക്കരവിള |
| | തൊളിക്കോട് ഗ്രാമപഞ്ചായത്ത് | തോട്ടമുക്ക് |
| | തിരുവനന്തപുരം നഗരസഭ | പാപ്പനംകോട് |
| ആലപ്പുഴ | പാലമേൽ ഗ്രാമപഞ്ചായത്ത് | ആദിക്കാട്ടുകുളങ്ങര |
| | ചേർത്തല മുനിസിപ്പാലിറ്റി | സിവിൽ സ്റ്റേഷൻ |
| കോട്ടയം | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | കണിച്ചുകുളം |
| | മണർക്കാട് ഗ്രാമപഞ്ചായത്ത് | പറമ്പുകര |

| | | |
|---|---|---|
| ഇടുക്കി | കൊക്കയാർ ഗ്രാമപഞ്ചായത്ത് | മുളംകുന്ന് |
| എറണാകുളം | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | ചക്കംകുളങ്ങര |
| തൃശ്ശൂർ | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പത്താഴക്കാട് |
| പാലക്കാട് | ഒറ്റപാലം മുനിസിപ്പാലിറ്റി | കണ്ണിയംപുറം വായനശാല |
| മലപ്പുറം | ഊരകം ഗ്രാമപഞ്ചായത്ത് | ഒ.കെ.എം.വാർഡ് |
| കോഴിക്കോട് | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമശ്ശേരി കിഴക്ക് |
| കണ്ണൂർ | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | അഞ്ചാം പീടിക |
| കാസർഗോഡ് | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | ചെമ്പനാട് 1,2,19,20,21,22,23 വാർഡുകൾ<br>ഉദുമ 1- 21 വാർഡുകൾ<br>പള്ളിക്കര 1,2,16,17,18,19,21,22 വാർഡുകൾ |

*(എസ്.ഇ.സി. 21/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

11th May 2016

## കൂറുമാറ്റം: മുന്‍ ബ്ലോക്ക് പഞ്ചായത്തംഗത്തിന് അയോഗ്യത

തൃശ്ശൂര്‍ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ ആയിരിക്കെ കൂറുമാറിയ സുജ ശ്രീകുമാറിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ വി.ഭാസ്ക്കരന്‍ അയോഗ്യയാക്കി ഉത്തരവായി. 2010-ലെ തദ്ദേശ ഭരണ തിരഞ്ഞെടുപ്പില്‍ കമ്മ്യൂണിസ്റ്റ് പാര്‍ട്ടി ഓഫ് ഇന്ത്യ (സി.പി.ഐ) സ്ഥാനാര്‍ത്ഥിയായി മത്സരിച്ച് വിജയിച്ച സുജ ശ്രീകുമാര്‍ കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് സി.പി.ഐ വിട്ട് ഭാരതീയ ജനതാ പാര്‍ട്ടിയില്‍ (ബി.ജെ.പി) ചേര്‍ന്നിരുന്നു. ഇതിനെ തുടര്‍ന്ന് സി.പി.ഐ തൃശ്ശൂര്‍ ജില്ലാ കൗണ്‍സില്‍ സെക്രട്ടറി കെ.കെ.വത്സരാജ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു സമര്‍പ്പിച്ച ഹര്‍ജിയിലാണ് വിധി.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൂറുമാറ്റം തടയുന്നതിനുള്ള നിയമത്തിലെ മൂന്നാം വകുപ്പു പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പില്‍ മത്സരിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ ഇവര്‍ക്ക് ആറു വര്‍ഷത്തേക്ക് വിലക്കും കല്‍പ്പിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 20/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

07th April 2016

## ചുമതലയേറ്റു

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയായി പൊതുഭരണ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി, പി.ഹരികുമാർ വ്യാഴാഴ്ച ചുമതലയേറ്റു.

*(എസ്.ഇ.സി. 19/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

31st March 2016

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ചുമതലയേറ്റു

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി വി.ഭാസ്ക്കരൻ വ്യാഴാഴ്ച ചുമതലയേറ്റു. മുൻ കോഴിക്കോട് പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയായ അദ്ദേഹം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ ആറാമത്തെ കമ്മീഷണറാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ ഉദ്യോഗസ്ഥർ പുതിയ കമ്മീഷണറെ സ്വീകരിച്ചു. ചുമതലയേറ്റ ശേഷം കമ്മീഷണർ രാജ്ഭവനിലെത്തി സംസ്ഥാന ഗവർണ്ണറെ സന്ദർശിച്ചു. തുടർന്ന് കമ്മീഷൻ ആസ്ഥാനത്തു നടന്ന യോഗത്തിൽ അദ്ദേഹം ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

പയ്യന്നൂർ വേങ്ങര സ്വദേശിയായ വി.ഭാസ്ക്കരൻ പയ്യന്നൂർ കോളെജിലും ഉഡുപ്പി ലോ കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. മാനന്തവാടിയിൽ മുൻസിഫ് മജിസ്ട്രേറ്റായി 1988-ൽ ജൂഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ച അദ്ദേഹം പരപ്പനങ്ങാടി, കണ്ണൂർ, വടകര, കൊല്ലം, തൊടുപുഴ, കൊച്ചി, മഞ്ചേരി, തൃശ്ശൂർ എന്നിവിടങ്ങളിൽ വിവിധ പദവികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2013 മുതൽ കോഴിക്കോട് പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയാണ്. മീരയാണ് ഭാര്യ.

*(എസ്.ഇ.സി. 17/2016)*

## യാത്രയയപ്പ് നൽകി

സർവ്വീസിൽ നിന്നും വിരമിച്ച സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പി.ഫ്രാൻസിസ് ഡിക്രൂസിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് വ്യാഴാഴ്ച നടന്ന ചടങ്ങിൽ യാത്രയയപ്പ് നൽകി. യോഗത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരനും കമ്മീഷൻ ഉദ്യോഗസ്ഥരും പങ്കെടുത്തു.

*(എസ്.ഇ.സി. 18/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

15th March 2016

## നിയമസഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾക്ക് ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെടണം

വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൻെറ വോട്ടർപട്ടിക, മാതൃകാപെരുമാറ്റച്ചട്ടം, പരാതികൾ മറ്റു വിവരങ്ങൾ മുതലായവയ്ക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെയല്ല സമീപിക്കേണ്ടതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

ഇത്തരം കാര്യങ്ങൾക്കായി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻെറ സംസ്ഥാന വിഭാഗമായ ചീഫ് ഇലക്ട്രറൽ ഓഫീസറുടെ ഓഫീസുമായി വേണം ബന്ധപ്പെടേണ്ടത്. വിലാസം ചീഫ് ഇലക്ട്രറൽ ഓഫീസറുടെ കാര്യാലയം, ഇലക്ഷൻ വകുപ്പ്, നിയമസഭാ കോംപ്ലക്സ് മന്ദിരം, വികാസ് ഭവൻ, തിരുവനന്തപുരം – 33. ഫോൺ നമ്പർ 04712300121, ടോൾ ഫ്രീ നമ്പർ 1950 (10 മണി മുതൽ 5 മണിവരെ) സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനായുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾക്കായി നിരവധിപേർ ബന്ധപ്പെടുന്ന സാഹചര്യത്തിലാണ് ഈ വിശദീകരണം.

*(എസ്.ഇ.സി. 16/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**14th March 2016**

## ഓഫീസ് അറ്റന്റന്റ് ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ഓഫീസ് അറ്റന്റന്റിന്റെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ ഓഫീസ് കോംപ്ലക്സ്, എൽ.എം.എസ്.ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ- 695033 എന്ന വിലാസത്തിൽ 2016 ഏപ്രിൽ 8 നകം ലഭിച്ചിരിക്കണം.

*(എസ്.ഇ.സി. 15/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th March 2016

## ഉപതിരഞ്ഞെടുപ്പ് പോളിംഗ് ശതമാനം

ശനിയാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന ഒൻപത് തദ്ദേശഭരണ സ്ഥാപന വാർഡുകളിൽ 73.22 ശതമാനംപേർ സമ്മതിദാനവകാശം വിനിയോഗിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിലെ ഉപതിരഞ്ഞെടുപ്പിൽ 67.41 ശതമാനം പോളിംഗ് രേഖപ്പെടുത്തി. വിവിധ ഗ്രാമപഞ്ചായത്തു വാർഡുകളിലെ പോളിംഗ് ശതമാന വിശദാംശങ്ങൾ ചുവടെ.

| ജില്ല | ഗ്രാമപഞ്ചായത്ത് | വാർഡ് | ശതമാനം |
|---|---|---|---|
| തിരുവനന്തപുരം | കടയ്ക്കാവൂർ | ആയിക്കുടി | 71.33 |
| കൊല്ലം | കുലശേഖരപുരം | ആദിനാട് തെക്ക് | 84.25 |
| പാലക്കാട് | പല്ലശന | ഒഴുവപ്പാറ | 82.91 |
| പാലക്കാട് | കുഴൽമന്ദം | മന്ദം | 78.41 |
| കോഴിക്കോട് | ബാലുശ്ശേരി | ബാലുശ്ശേരി സൗത്ത് | 80.92 |
| കണ്ണൂർ | അഴീക്കോട് | അഴീക്കൽ കടപ്പുറം | 78.01 |
| കാസർഗോഡ് | ചെർക്കള | ചെർക്കള പടിഞ്ഞാറ് | 50.70 |
| കാസർഗോഡ് | പീലിക്കോട് | കൊടക്കാട് | 97.80 |

*(എസ്.ഇ.സി. 13/2016)*

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ്: ഗ്രാമപഞ്ചായത്തുകളിൽ യു.ഡി.എഫിനും എൽ.ഡി.എഫിനും 3 ബി.ജെ.പി ക്ക് 2
## വാഴോട്ടുകോണം എൽ.ഡി.എഫിന്

ശനിയാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന എട്ടു ഗ്രാമപഞ്ചായത്ത് വാർഡുകളിൽ യു.ഡി.എഫും എൽ.ഡി. എഫും 3 വീതവും ബി.ജെ.പി രണ്ടിലും വിജയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി സി.പി.ഐ(എം) ലെ **റാണി വിക്രമൻ** 689 വോട്ടുകൾക്ക് വിജയിച്ചു. ഗ്രാമപഞ്ചായത്തു വാർഡുകളിൽ വിജയിച്ചവരുടെ വിശദാംശങ്ങൾ ചുവടെ.

| ജില്ല | ഗ്രാമപഞ്ചായത്ത് | വാർഡ് | വിജയിച്ച സ്ഥാനാർത്ഥി | ഭൂരിപക്ഷം | കക്ഷി ബന്ധം |
|---|---|---|---|---|---|
| തിരുവനന്തപുരം | കടയ്ക്കാവൂർ | ആയിക്കുടി | ഷീല.എസ് | 52 | സി.പി.ഐ (എം) |
| കൊല്ലം | കുലശേഖരപുരം | ആദിനാട് തെക്ക് | ശിവാനന്ദൻ | 148 | ഐ.എൻ.സി |
| പാലക്കാട് | പല്ലശന | ഒഴുവപ്പാറ | നിഷ.പി | 24 | ബി.ജെ.പി |
| പാലക്കാട് | കുഴൽമന്ദം | മന്ദം | പ്രബീദ രാധാകൃഷ്ണൻ | 222 | ഐ.എൻ.സി |
| കോഴിക്കോട് | ബാലുശ്ശേരി | ബാലുശ്ശേരി സൗത്ത് | സുമ വെള്ളച്ചാലൻ കണ്ടി | 124 | ബി.ജെ.പി |
| കണ്ണൂർ | അഴീക്കോട് | അഴീക്കൽ കടപ്പുറം | അശോകൻ.ടി | 642 | സി.പി.ഐ(എം) |
| കാസർഗോഡ് | ചെങ്കള | ചെർക്കളപടിഞ്ഞാറ് | സുഫൈജ | 543 | ഐ.യു.എം.എൽ |
| കാസർഗോഡ് | പീലിക്കോട് | കൊടക്കാട് | മൈമൂനത്ത് എം.ടി.പി | 1141 | സി.പി.ഐ (എം) |

*(എസ്.ഇ.സി. 14/2016)*

Email:
**contact.seckerala@gmail.com**
**electionker@gmail.com**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**4th March 2016**

## 9 വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 9 തദ്ദേശഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും ഇന്ന് (മാർച്ച് 5) നടക്കും.

തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം, കടയ്ക്കാവൂർ പഞ്ചായത്തിലെ ആയിക്കുടി, കൊല്ലം കുലശേഖരപുരത്തിലെ ആദിനാട് തെക്ക്, പാലക്കാട് പല്ലശ്ശനയിലെ ഒഴുവുപാറ, കുഴൽമന്ദത്തെ മന്ദം, കോഴിക്കോട് ബാലുശ്ശേരിയിലെ ബാലുശ്ശേരി സൗത്ത്, കണ്ണൂർ അഴിക്കോടിലെ അഴീക്കൽ കടപ്പുറം, കാസർഗോഡ് ചെങ്കളയിലെ ചെർക്കള വെസ്റ്റ്, പീലിക്കോട്ടെ കൊടക്കാട് എന്നിവയാണ് വാർഡുകൾ.

വോട്ടു ചെയ്യാൻ സമ്മതിദായകൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ബുക്ക്, ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്കു ആറു മാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും ഒരു രേഖ ഹാജരാക്കണം.

രാവിലെ ഏഴുമുതൽ വൈകുന്നേരം അഞ്ചുമണിവരെയാണ് പോളിംഗ്. വോട്ടെണ്ണൽ വൈകുന്നേരം ഏഴു മണിക്ക് നടക്കും.

*(എസ്.ഇ.സി. 12/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th February 2016

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി

സംസ്ഥാനത്തു നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോളിംഗ് ഡ്യൂട്ടിയിൽ നിന്നും ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളായ ഉദ്യോഗസ്ഥരെ ഒഴിവാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ആലപ്പുഴ കൃഷ്ണപുരം പ്രൈമറി സ്കൂൾ അധ്യാപിക എ.ബി. ലതാകുമാരി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ നിവേദനത്തെ തുടർന്നാണ് ഉത്തരവ്.

*(എസ്.ഇ.സി. 10/2016)*

## വോട്ട് രേഖപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ

മാർച്ച് അഞ്ചിനു നടക്കുന്ന തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുന്നതിന് സമ്മതിദായകൻ ഹാജരാക്കേണ്ട രേഖകൾ നിശ്ചയിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഇതനുസരിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ബുക്ക്, ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്കു ആറു മാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും ഒരു രേഖ വേണം വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനിൽ ഹാജരാക്കേണ്ടത്.

തിരുവനന്തപുരം, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ ആയിക്കുടി, കൊല്ലം കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ ആദിനാട് തെക്ക്, പാലക്കാട് പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ഒഴുവുപാറ, കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ മന്ദം, കോഴിക്കോട് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ബാലുശ്ശേരി സൗത്ത്, കണ്ണൂർ അഴിക്കോട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ കടപ്പുറം, കാസർഗോഡ് ചെങ്കള ഗ്രാമപഞ്ചായത്തിലെ ചെർക്കള വെസ്റ്റ്, പീലിക്കോട് ഗ്രാമപഞ്ചായത്തിലെ കൊടക്കാട് എന്നിവടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിലെ ഉപതിരഞ്ഞെടുപ്പും മാർച്ച് അഞ്ചിന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 11/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

25th February 2016

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ തിരുവനന്തപുരം ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ ഓഫീസ് കോംപ്ലക്സ്, എൽ.എം.എസ്.ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ- 695033 എന്ന വിലാസത്തിൽ 2016 മാർച്ച് 21 നകം ലഭിച്ചിരിക്കണം.

*(എസ്.ഇ.സി. 09/2016)*

| Email: contact.seckerala@gmail.com electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 19th February 2016 |

## ശ്രീ. ശശിധരൻ നായർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ സ്ഥാനത്തു നിന്നും വിരമിച്ചു

കാലാവധി പൂർത്തിയാക്കി കെ. ശശിധരൻ നായർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ സ്ഥാനത്തു നിന്നും വെള്ളിയാഴ്ച വിരമിച്ചു. 2011 ഏപ്രിൽ 18 നു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റയദ്ദേഹം 65 വയസ്സ് പൂർത്തീകരിച്ചതിനെ തുടർന്നാണ് വെള്ളിയാഴ്ച വിരമിച്ചത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അഞ്ചാമത്തെ കമ്മീഷണറാണ് കെ. ശശിധരൻ നായർ. എം.എസ്.കെ രാമസ്വാമി, എം.എസ് ജോസഫ്, എൻ.മോഹൻദാസ്, പി.കമാൽകുട്ടി എന്നിവരാണ് മുമ്പ് കമ്മീഷണർ സ്ഥാനം വഹിച്ചിട്ടുള്ളത്. സ്ഥാനമൊഴിഞ്ഞ തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ യാത്രയയപ്പ് നൽകി.

പത്തനംതിട്ട അടൂർ ഇളംഗമംഗലത്ത് വി. കൃഷ്ണൻ നായരുടെയും പി.കെ. കമലാക്ഷിയുടെയും മകനായി 1955 ഫെബ്രുവരി 20-ന് ജനിച്ച കെ. ശശിധരൻ നായർ കളക്കട ഹൈസ്കൂൾ, പന്തളം എൻ. എസ്. എസ് കോളേജ്, ബാഗ്ലൂർ ലാ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. അടൂർ, പത്തനംതിട്ട കോടതികളിലെ പത്തു വർഷത്തെ അഭിഭാഷകവൃത്തിക്കു ശേഷം 1985-ൽ അദ്ദേഹം മുൻസിഫ് ആയി നിയമിതനായി. 2001-ൽ ജില്ലാ ജഡ്ജിയായ അദ്ദേഹം കൊല്ലത്തും തിരുവനന്തപുരത്തും കോട്ടയത്തും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിയമസെക്രട്ടറിയായി 2009-ൽ ചുമതലയേറ്റ അദ്ദേഹം 2011-ൽ സർവ്വീസിൽ നിന്നും വിരമിച്ച വേളയിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിക്കപ്പെട്ടത്.

*(എസ്.ഇ.സി. 08/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th February 2016

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ പത്രസമ്മേളനം

കാലാവധി പൂർത്തിയാക്കി സ്ഥാനം ഒഴിയുന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഇന്ന് (ഫെബ്രുവരി 19) ഉച്ചയ്ക്ക് 12 മണിക്ക് പാളയത്തുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് പത്രസമ്മേളനം നടത്തുന്നതാണ്. തിരുവനന്തപുരത്തെ എല്ലാ മാധ്യമങ്ങളുടെയും പ്രതിനിധികളുടെ സാന്നിദ്ധ്യം പത്ര സമ്മേളനത്തിലുണ്ടാകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ അഭ്യർത്ഥിച്ചു.

*(എസ്.ഇ.സി. 07/2016)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **12th February 2016** |

**<u>തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനമന്ദിരത്തിന്റെ ശിലാസ്ഥാപനം ഗവർണ്ണർ നിർവഹിക്കും</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം ഫെബ്രുവരി 15-ന് ഗവർണ്ണർ പി.സദാശിവം നിർവഹിക്കും. ഇതോടനുബന്ധിച്ച് പാളയം വികാസ്ഭവൻ പരിസരത്ത് അന്നേ ദിവസം വൈകുന്നേരം 5-നു നടക്കുന്ന യോഗത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അദ്ധ്യക്ഷനായിരിക്കും. പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ മുഖ്യ പ്രഭാഷണം നടത്തും. മന്ത്രിമാരായ വി.കെ.ഇബ്രാഹിം കുഞ്ഞ്, മഞ്ഞളാംകുഴി അലി, ഡോ.എം.കെ.മുനീർ, തിരുവനന്തപുരം മേയർ വി.കെ.പ്രശാന്ത്, കെ.മുരളീധരൻ എം.എൽ.എ എന്നിവർ പങ്കെടുക്കും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻ നായർ സ്വാഗതമാശംസിക്കുന്ന ചടങ്ങിൽ കമ്മീഷൻ സെക്രട്ടറി പി.ഗീത കൃതജ്ഞത രേഖപ്പെടുത്തും. പൊതു മരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ എം.പെണ്ണമ്മ റിപ്പോർട്ട് അവതരിപ്പിക്കും. കഴിഞ്ഞ തദ്ദേശഭരണ തിരഞ്ഞെടുപ്പിന്റെ റിപ്പോർട്ടും, ലാന്റ് മാർക്ക് ജഡ്ജ്മെന്റ്സ് എന്ന കൃതിയുടെ പ്രകാശനവും ഇതോടൊപ്പം നടത്തുന്നതാണ്.

തിരുവനന്തപുരം വികാസ്ഭവൻ കോംപ്ലക്സ് പരിസരത്ത് സർക്കാർ അനുവദിച്ച 20 സെന്റ് സ്ഥലത്ത് 13.5 കോടി രൂപയുടെ മതിപ്പ് ചെലവിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് മന്ദിരം പണിയുന്നത്. രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ള മന്ദിര നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ഇതിനകം ലഭിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 06/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

10th February 2016

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് പത്രികാസമർപ്പണം 16 വരെ

മാർച്ച് അഞ്ചിനു നടക്കുന്ന എട്ട് ഗ്രാമപഞ്ചായത്ത് വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിന് ഫെബ്രുവരി 16 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. ഫെബ്രുവരി 17 നു സൂക്ഷമ പരിശോധന നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 19 ആണ്. ഇതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ ആയിക്കുടി, കൊല്ലം കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ ആദിനാട് തെക്ക്, പാലക്കാട് പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ഒഴുവുപാറ, കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ മന്ദം, കോഴിക്കോട് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ബാലുശ്ശേരി സൗത്ത്, കണ്ണൂർ അഴിക്കോട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ കടപ്പുറം, കാസർഗോഡ് ചെങ്കള ഗ്രാമപഞ്ചായത്തിലെ ചെർക്കള വെസ്റ്റ്, പീലിക്കോട് ഗ്രാമപഞ്ചായത്തിലെ കൊടക്കാട് എന്നിവടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിലെ ഉപതിരഞ്ഞെടുപ്പും മാർച്ച് അഞ്ചിന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 05/2016)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 1st February 2016 |


## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡ്രൈവർ, ടൈപ്പിസ്റ്റ് ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ടൈപ്പിസ്റ്റ്, ഡ്രൈവർ തസ്തികകളിലെ ഓരോ ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ ഓഫീസ് കോംപ്ലക്സ്, എൽ.എം.എസ് ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ - 695033 എന്ന വിലാസത്തിൽ ഡ്രൈവർ തസ്തികയിലേയ്ക്കുള്ളത് 2016 ഫെബ്രുവരി 15-നകവും ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ളത് ഫെബ്രുവരി 29-നകവും ലഭിച്ചിരിക്കണം.

*(എസ്.ഇ.സി. 04/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th January 2016

## കൂറുമാറിയ അഞ്ച് മുൻഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് അയോഗ്യത

പാർട്ടി വിപ്പ് ലംഘിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് എതിരായ അവിശ്വാസ പ്രമേയത്തെ പരാജയപ്പെടുത്തിയ എറണാകുളം എടത്തല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ അഞ്ച് മുൻ അംഗങ്ങൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻ നായർ അയോഗ്യത കൽപ്പിച്ചു. കൂറുമാറ്റനിരോധന നിയമ പ്രകാരം 2016 ജനുവരി 27 മുതൽ ആറു വർഷത്തേക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് മൽസരിക്കുന്നതിൽ നിന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണൻ ഇവരെ വിലക്കി.

എടത്തല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന എ.എ.എം മുനീർ മുൻധാരണ ലംഘിച്ച് സ്ഥാനം രാജിവെയ്ക്കാതിരുന്നതിനെ തുടർന്ന് 2014 ഡിസംബർ അഞ്ചിന് ഭരണ കക്ഷിയായ കോൺഗ്രസ്സിൻെറ തീരുമാനപ്രകാരം അവിശ്വാസ പ്രമേയത്തിനു നോട്ടീസ് നൽകിയിരുന്നു. പ്രമേയത്തെ അനുകൂലിക്കണമെന്ന പാർട്ടി വിപ്പ് ലംഘിച്ച് കോൺഗ്രസ്സ് അംഗങ്ങളായ ഷെമീന ഇബ്രാഹീം കുട്ടി, അബിദ അബ്ദുൾ സലാം, കെ.വി.വേലു, ലില്ലി ജോണി എന്നിവർ യോഗത്തിൽ പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ക്വാറം തികയാതെ പ്രമേയം പരാജയപ്പെട്ടു. ഇക്കാരണത്താൽ കൂറുമാറ്റ നിരോധന നിയമപ്രകാരം ഇവരെ അയോഗ്യരാക്കണമെന്ന ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ എ.എ.മായീൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ച വ്യത്യസ്ത ഹർജികളിലാണ് ഇന്ന് (ജനുവരി 27) പൊതു വിധി പ്രഖ്യാപിച്ചത്. പരാതിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ എ.ഹാഷിം ബാബു, കരോലിൻ ജോയി ഫ്ളെച്ചർ, നിസാന ബാബു എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 03/2016)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

13th January 2016

## ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ 16 വരെ പേര് ചേർക്കാം

ഉപതിരഞ്ഞെടുപ്പിനായി എട്ട് തദ്ദേശസ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി. ഇതിനുള്ള അപേക്ഷ ജനുവരി 16 വരെ ഓൺലൈനിൽ നൽകാം.

തിരുവനന്തപുരം: കോർപ്പറേഷനിലെ വാഴോട്ടുകോണം, കടയ്ക്കാവൂർ,പഞ്ചായത്തിലെ ആയിക്കുടി, കൊല്ലം : കുലശേഖരപുരത്തെ ആദിനാട് തെക്ക്, പാലക്കാട് : പല്ലശനയിലെ ഒഴുവു പാറ, കുഴൽമന്ദത്തെ മന്ദം, കോഴിക്കോട് : ബാലുശ്ശേരിയിലെ ബാലുശ്ശേരി സൗത്ത് കാസർഗോഡ് : പീലിക്കോട്ടെ കൊടക്കാട്, ചെങ്കളയിലെ ചെർക്കള വെസ്റ്റ് എന്നിവയാണ് വാർഡുകൾ.

കരട് പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വില്ലേജ് - താലൂക്ക് - ബ്ലോക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. 2016 ജനുവരി ഒന്നിനോ അതിനുമുൻപോ 18 - വയസ്സു തികഞ്ഞ, പട്ടികയിൽ പേരില്ലാത്തവർക്ക് ഇപ്പോൾ പേര് ചേർക്കാം. ഉൾക്കുറിപ്പ് തിരുത്താനും സ്ഥാനമാറ്റത്തിനുമുള്ള അപേക്ഷയും ഓൺലൈനിൽ നൽകാം. www.lsgelection.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷിക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നതിനുള്ള അപേക്ഷ നേരിട്ടോ രജിസ്ട്രേർഡ് തപാലിലൂടെയോ ബന്ധപ്പെട്ട ഇലക്ടറൽരജിസ്ട്രേഷൻ ഉദ്യോഗസ്ഥന് നൽകണം. അവകാശവാദവും ആക്ഷേപവും ജനുവരി 16 വരെ സ്വീകരിക്കും. ഇവയിൽ ജനുവരി 27 - നകം തീർപ്പുണ്ടാകും. അന്തിമ പട്ടിക ഫെബ്രുവരി മൂന്നിന് പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 02/2016)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 1st January 2016 |

## ഉപതിരഞ്ഞെടുപ്പിനായി എട്ട് വാർഡുകളിൽ വോട്ടർപട്ടിക പുതുക്കും

ഉപതിരഞ്ഞെടുപ്പിനായി എട്ട് തദ്ദേശസ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി.

തിരുവനന്തപുരം: കോർപ്പറേഷനിലെ വാഴോട്ടുകോണം, കടയ്ക്കാവൂർ,പഞ്ചായത്തിലെ ആയിക്കുടി, കൊല്ലം : കുലശേഖരപുരത്തെ ആദിനാട് തെക്ക്, പാലക്കാട് : പല്ലശനയിലെ ഒഴുവു പാറ, കുഴൽമന്ദത്തെ മന്ദം, കോഴിക്കോട് : ബാലുശ്ശേരിയിലെ ബാലുശ്ശേരി സൗത്ത് കാസർഗോഡ് : പീലിക്കോട്ടെ കൊടക്കാട്, ചെങ്കളയിലെ ചെർക്കള വെസ്റ്റ് എന്നിവയാണ് വാർഡുകൾ.

കരട് പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വില്ലേജ്-താലൂക്ക്-ബ്ലോക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. 2016 ജനുവരി ഒന്നിനോ അതിനുമുൻപോ 18-വയസ്സു തികഞ്ഞ, പട്ടികയിൽ പേരില്ലാത്തവർക്ക് ഓൺലൈൻ മുഖേന പേര് ചേർക്കാം. ഉൾക്കുറിപ്പ് തിരുത്താനും സ്ഥാനമാറ്റത്തിനുമുള്ള അപേക്ഷയും ഓൺലൈനിൽ നൽകാം. www.lsgelection.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷിക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നതിനുള്ള അപേക്ഷ നേരിട്ടോ രജിസ്ട്രേർഡ് തപാലിലൂടെയോ ബന്ധപ്പെട്ട ഇലക്ടറൽരജിസ്ട്രേഷൻ ഉദ്യോഗസ്ഥന് നൽകണം. അവകാശവാദവും ആക്ഷേപവും ജനുവരി 16 വരെ സ്വീകരിക്കും. ഇവയിൽ ജനുവരി 27-നകം തീർപ്പുണ്ടാകും. അന്തിമ പട്ടിക ഫെബ്രുവരി മൂന്നിന് പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 01/2016)*